No.10/2018/SRG/LSGD(15)

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗം
## 05.02.2019-ൽ കൂടിയ യോഗത്തിന്റെ നടപടിവിവരം

യോഗം ഉച്ചകഴിഞ്ഞ് **3.00** മണിക്ക് നിയമസഭാ കോംപ്ലക്സിലെ 610-ാം നമ്പർ ഹാളിൽ ആരംഭിച്ചു. ബഹു.തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

### 1. തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2018-19-ലെ വാർഷിക പദ്ധതി പുരോഗതി - അവലോകനം

05.02.2019 വരെയുള്ള ആകെ പദ്ധതി ചെലവ് 61.13 ശതമാനമാണ്. ട്രഷറികളിൽ സമർപ്പിച്ച ബില്ലുകൾ കൂടി ചേർത്താൽ ഇത് 64.96 ശതമാനം വരും. ഏറ്റവും കൂടുതൽ പദ്ധതി ചെലവ് കൊല്ലം ജില്ലയിലും (65.43 ശതമാനം) ഏറ്റവും കുറവ് എറണാകുളം ജില്ലയിലുമാണ് (57.63 ശതമാനം). 257.12കോടി രൂപയുടെ 10558 ബില്ലുകൾ ട്രഷറിയിൽ പെൻഡിംഗ് ആയി ഉണ്ട്. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം**

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 66.72% |
| ബ്ലോക്ക് പഞ്ചായത്ത് | 67.26% |
| ജില്ലാ പഞ്ചായത്ത് | 55.49% |
| മുനിസിപ്പാലിറ്റി | 53.86% |
| കോർപ്പറേഷൻ | 43.93% |
| **ആകെ** | **61.13 ശതമാനം** |

**ജില്ല തിരിച്ചുള്ള ചെലവ് വിവരം**

| | | |
|---|---|---|
| 1 | കൊല്ലം | 65.43% |
| 2 | പാലക്കാട് | 64.88% |
| 3 | വയനാട് | 64.62 % |
| 4 | കണ്ണൂർ | 64.56% |
| 5 | പത്തനംതിട്ട | 64.16% |
| 6 | ഇടുക്കി | 60.89% |
| 7 | മലപ്പുറം | 60.13% |

| | | |
|---|---|---|
| 8 | കാസർഗോഡ് | 60.07% |
| 9 | ആലപ്പുഴ | 59.93 % |
| 10 | തൃശ്ശൂർ | 59.47% |
| 11 | തിരുവനന്തപുരം | 59.27 % |
| 12 | കോട്ടയം | 58.81 % |
| 13 | കോഴിക്കോട് | 58.46 % |
| 14 | എറണാകുളം | 57.63% |

പൊതു വിഭാഗം, SCP,TSPയുടെ ചെലവ് ശതമാനം താഴെപ്പറയും പ്രകാരമാണ്.

| ജനറൽ | SCSP | TSP |
|---|---|---|
| 67.34% | 56.41% | 53.61% |

## 2. മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.1 31.12.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം തുടർ നടപടികൾ സ്വീകരിക്കേണ്ട വിഷയങ്ങൾ

### ഖണ്ഡിക 3.1

തദ്ദേശ ഭരണസ്ഥാപനങ്ങൾ കേരള വാട്ടർ അതോറിട്ടി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് മറ്റ് ഏജൻസികൾ എന്നിവയിലേക്ക് വിവിധ പ്രവർത്തികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വർഷങ്ങളായി ഈ തുകയിൽ നല്ലൊരു പങ്ക് ഉപയോഗിക്കാതെ കിടക്കുകയാണ്. ഈ തുക ചെലവഴിച്ച് പ്രവർത്തി പൂർത്തിയാക്കണമെന്ന് നിർദേശിച്ചിരുന്നുവെങ്കിലും വർഷങ്ങളായി വളരെയധികം പ്രവൃത്തികൾ പൂർത്തീകരിക്കാതെ കിടക്കുകയാണ്. ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സംസ്ഥാന തലത്തിലും ജില്ലാതലത്തിലും താഴെ പറയുന്ന നടപടികൾ എടുക്കാൻ തീരുമാനിച്ചു.

ഇത്തരം ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുക, പ്രവൃത്തി എന്നിവയുടെ വർഷം തിരിച്ച വിവരം ജില്ലാതലത്തിൽ ക്രോഡീകരിക്കണം. ഇതിനെ തുടർന്ന് ജില്ലാതലത്തിൽ ബന്ധപ്പെട്ട വകുപ്പ ഉദ്യോഗസ്ഥർ (ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, ഗ്രൗണ്ട് വാട്ടർ വകുപ്പ് ജില്ലാ ഓഫീസർ തുടങ്ങിയവർ), തദ്ദേശഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാർ, സെക്രട്ടറിമാർ എന്നിവരുടെ യോഗം ജില്ലാ ആസൂത്രണസമിതി തലത്തിൽ പ്രത്യേകമായി വിളിച്ച ചേർക്കണം. ജില്ലാ കളക്ടർ ഇതിന് പ്രത്യേകമായി ഇടപെടണം. ഓരോ പ്രവൃത്തിയും പൂർത്തീകരിക്കുന്നതിന് ഒരു കർമ്മ പദ്ധതി തയ്യാറാക്കണം. ഇതിന്റെ ക്രോഡീകരിച്ച റിപ്പോർട്ട് ജില്ലാ കളക്ടർ/ ജില്ലാ പ്ലാനിംഗ് ഓഫീസർ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ഡി.പി.ഡിവിഷൻ ചീഫിനു നൽകണം. സംസ്ഥാനതലത്തിൽ ക്രോഡീകരിച്ച റിപ്പോർട്ട് തുടർ നടപടികൾക്കായി തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്കു നൽകണം. ഇതു സംബന്ധിച്ച സർക്കുലർ

**നടപടി- 1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

### ഖണ്ഡിക 3.4

കേരള വാട്ടർ അതോറിട്ടിക്ക് വെള്ളക്കരം കുടിശ്ശിക നൽകാനുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ തുക ധനവകുപ്പ് വികസനഫണ്ടിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരം കുറവു ചെയ്ത തുക കഴിഞ്ഞാൽ മിച്ചം തുക വളരെ കുറവാണ്. അതിനാൽ ഇത്തരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനിവാര്യ പ്രോജക്ടുകളുടെ ബിൽ തുക പോലും നൽകാൻ ഫണ്ടില്ല. ഈ സാഹചര്യത്തിൽ വലിയ കുടിശ്ശികയുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ തുക രണ്ടോ മൂന്നോ വർഷംകൊണ്ട് ഗഡുക്കളായി അടയ്ക്കാവുന്ന രീതിയിലാക്കണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു.

**നടപടി:- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**
**2) ധനവകുപ്പ്**

**ഖണ്ഡിക 3.5**

പട്ടിക വർഗ്ഗ വിഭാഗക്കാരില്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾക്കും റ്റി.എസ്.പി. വിഹിതം അനുവദിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശം പഞ്ചായത്ത് ഡയറക്ടർ ശേഖരിച്ചിരുന്നു. ഈ തുക സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കുന്നതിന് ഹെഡ് ഓഫ് അക്കൗണ്ട് നൽകണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു. കൂടാതെ ഇങ്ങനെ തിരിച്ചടയ്ക്കുന്ന തുക പട്ടികവർഗ്ഗ വിഭാഗക്കാർ കൂടുതലുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിന്റെ സാധ്യത പരിശോധിച്ച് പട്ടികവർഗ്ഗ വികസനവകുപ്പ ഡയറക്ടർ റിപ്പോർട്ട് നൽകണം. ഇതു സംബന്ധിച്ച് സ്റ്റേറ്റ് ഫിനാൻസ് സെൽ ജോയിന്റ് സെക്രട്ടറിയെ കൂടി ചേർത്ത് യോഗം വിളിക്കാൻ തീരുമാനിച്ചു.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2)പട്ടിക വർഗ്ഗ വികസന വകുപ്പ്ഡയറക്ടർ**
**3) ധനവകുപ്പ്**

**ഖണ്ഡിക 3.10**

മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വികസന ഫണ്ടിന്റെ 20 ശതമാനം തുക ലൈഫ് പദ്ധതിക്കായി മാറ്റി വച്ചിട്ടുണ്ട്. എന്നാൽ ചില തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഒന്നാം ഘട്ട ഭവന പദ്ധതിയിൽ (ഭൂമിയുള്ള ഭവന രഹിതർ) ഇത്രയും തുക ആവശ്യമില്ല. അതിനാൽ ഈ തുക ചെലവഴിക്കപ്പെടാതെ കിടക്കുകയാണ്. ശേഷിക്കുന്ന മൂന്നു മാസം കൊണ്ട് 2-ാം ഘട്ട ഭവന പദ്ധതി (ഭൂരഹിത- ഭവന രഹിതർ) പ്രകാരം സ്ഥലം വാങ്ങാൻ ബുദ്ധിമുട്ടാണ് എന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ മാറ്റി വച്ചിരിക്കുന്ന 20 ശതമാനം തുകയിൽ നിന്ന് ഒന്നാം ഘട്ടമായി വീടു നൽകുന്നതിന് ആവശ്യമായ തുക കഴിച്ച് ബാക്കി തുക തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണസമിതി തീരുമാനിക്കുന്ന പക്ഷം വീടിന് സ്ഥലം വാങ്ങുന്നതടക്കമുള്ള മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. ഇങ്ങനെയുള്ള സേവിംഗ്സ് തുക ഉപയോഗിക്കുമ്പോൾ കാറ്റഗറി 1 സ്പിൽ ഓവർ പ്രോജക്ടുകളുടെ ബിൽ തുക നൽകുന്നതിന് മുൻഗണന നൽകേണ്ടതാണ്. ഇങ്ങനെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലൈഫ് മിഷൻ ജില്ലാ കോഓർഡിനേറ്ററുടെ ശുപാർശയോടെ അറിയിക്കുന്നതനുസരിച്ച് സുലേഖ സോഫ്റ്റ് വെയറിൽ ആവശ്യമായ ക്രമീകരണം ചെയ്യാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു. ഇത് സംബന്ധിച്ച ഉത്തരവ്

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**ഖണ്ഡിക 3.11**

ഗ്രാമപഞ്ചായത്തുകൾ ആധുനിക ശ്മശാനം നിർമ്മിക്കുന്നുണ്ട്. ഇതിന്റെ പരിപാലനത്തിന് ഭാരിച്ച തുക ആവശ്യമായി വരുന്നു. ചില തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആധുനിക ശ്മശാനത്തിന്റെ ഉപയോഗം വളരെ കുറവാണ്. ഈ സാഹചര്യത്തിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ആധുനിക ശ്മശാനം ആവശ്യമുണ്ടോ എന്നു പരിശോധിക്കേണ്ടതുണ്ട്. സംസ്ഥാനത്ത് എത്ര

ഗ്രാമപഞ്ചായത്തുകളിൽ ആധുനിക ശ്മശാനം ഉണ്ട്, എത്ര ഗ്രാമപഞ്ചായത്തുകൾ ഇതിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്, ഒരു ശ്മശാനത്തിന്റെ നടത്തിപ്പ് ചെലവ്, എല്ലാ ഗ്രാമപഞ്ചായത്തിലും ഇതിന്റെ ആവശ്യമുണ്ടോ എന്നിവ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്മശാനം, അറവുശാലകൾ എന്നിവയുടെ വിശദാംശങ്ങൾ എക്സിക്യൂട്ടീവ് ഡയറക്ടർ യോഗത്തിൽ അവതരിപ്പിച്ചു. വിശദാംശങ്ങൾ താഴെച്ചേർക്കുന്നു. ഇത് പരിശോധിച്ച് പിന്നീട് തീരുമാനമെടുക്കുന്നതാണ് .

<table>
<tr><th colspan="13">ശ്മശാനങ്ങളുടെ എണ്ണം</th></tr>
<tr><th colspan="3">ശ്മശാനങ്ങൾ ഉള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ</th><th rowspan="3">ആകെ</th><th rowspan="3">പ്രവർത്തന ക്ഷമം</th><th rowspan="3">പ്രവർത്തന രഹിതം</th><th rowspan="3">പൊതുവായത്</th><th rowspan="3">സ്വകാര്യം</th><th colspan="4">ശ്മശാന തരം</th></tr>
<tr><th rowspan="2">ഗ്രാമ പഞ്ചായത്ത്</th><th rowspan="2">മുനിസിപ്പാലിറ്റി</th><th rowspan="2">കോർപ്പറേഷൻ</th><th rowspan="2">വാതക ശ്മശാനം</th><th rowspan="2">ഇലക്ട്രിക് ശ്മശാനം</th><th colspan="2">പരമ്പരാഗതം</th></tr>
<tr><th>കത്തിക്കുക</th><th>കുഴിച്ചിടുക</th></tr>
<tr><td>544</td><td>81</td><td>20</td><td>645</td><td>597</td><td>48</td><td>512</td><td>133</td><td>104</td><td>11</td><td>315</td><td>235</td></tr>
</table>

<table>
<tr><th colspan="11">അറവുശാലകളുടെ എണ്ണം</th></tr>
<tr><th rowspan="3">ഗ്രാമ പഞ്ചായത്ത്</th><th rowspan="3">മുനിസിപ്പാലിറ്റി</th><th rowspan="3">കോർപ്പറേഷൻ</th><th rowspan="3">ആകെ</th><th rowspan="3">പ്രവർത്തന ക്ഷമം</th><th rowspan="3">പ്രവർത്തന രഹിതം</th><th colspan="5">അറവുശാല തരം</th></tr>
<tr><th colspan="3">ആധുനികം</th><th colspan="2">പരമ്പരാഗതം</th></tr>
<tr><th>സ്മോൾ സ്കെയിൽ</th><th>മീഡിയം സ്കെയിൽ</th><th>ലാർജ്ജ് സ്കെയിൽ</th><th>യന്ത്രങ്ങൾ ഉള്ളവ</th><th>യന്ത്രങ്ങൾ ഇല്ലാത്തവ</th></tr>
<tr><td>35</td><td>21</td><td>3</td><td>59</td><td>51</td><td>8</td><td>7</td><td>8</td><td>2</td><td>6</td><td>36</td></tr>
</table>

**നടപടി:- 1) തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

**ഖണ്ഡിക 3.13**

മാർഗ്ഗരേഖ പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന ലാപ് ടോപിന്റെ പരമാവധി യൂണിറ്റ് നിരക്ക് 30,000/- രൂപയാണ്. ഐ.ടി. മിഷൻ ഡയറക്ടറുടെ ശുപാർശ പ്രകാരമാണ് മിഡിൽ ലെവൽ സ്പെസിഫിക്കേഷന് ഈ നിരക്ക് നിശ്ചയിച്ചിരുന്നത്. എന്നാൽ കെൽട്രോൺ, Centralised Procurement and Rate Contract System (CPRCS) മുഖേന ലാപ് ടോപ് വാങ്ങുമ്പോൾ 30,000/- രൂപയിലധികമാണെന്ന് ചില തദ്ദേശഭരണ സ്ഥാപനങ്ങൾ അറിയിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം ഐ.ടി. മിഷൻ ഡയറക്ടർ ശുപാർശ ചെയ്ത മിഡിൽ ലെവൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ് ടോപ് മാത്രമേ വിദ്യാർത്ഥികൾക്ക് നൽകേണ്ടതുള്ളൂ എന്നു നിർദ്ദേശിക്കുന്നു. മിഡ്–ലെവൽ സ്പെസിഫിക്കേഷൻ താഴെച്ചേർക്കുന്നു.

**Usage:** Use of word processing, spreadsheets, e-mail, Internet browsing, Web based applications and Multiple applications with graphics and multimedia performance essential for Web content, smooth graphics, and video, and data intensive e-Governance applications.

- **Processor:** 64 bit Multi core x86 Processor with 4 threads having either of
  - BAPCO SysMark 2014 rating of 700 or above tested with memory of 8.0GB
  - PC Mark 8 Work Accelerated Score of 3450 or higher, tested with 8GB RAM.
- **Chipset:** Compatible
- **Motherboard:** OEM Compatible
- **Memory:** 4 GB DDR3 1333 RAM(or Higher) Expandable up to 8GB
- **Hard Disk:** 1.0TB, 5400rpm or Higher
- **Display:** LED Backlit Display
- **Display Size:** 15.6”
- **Resolution:** 1366X768 WXGA or Higher
- **Wireless connectivity:** IEEE 802.11b/g/n/WLAN integrated wireless,
  Integrated Bluetooth 4.0
- **DVD Writer:** Integrated DVD Writer 8X or above
- **Speaker:** Integrated Stereo Speaker
- **Keyboard:** Keyboard with Touch Pad
- **Camera:** Integrated
- **Audio:** Integrated High Definition Audio
- **Expansion Port:** 3USB, 1 USB3.0, 10/100/1000 Ethernet Card, RGB or Video or VGA/HDMI, Microphone, Stereo Headphone & other Standard features
- **Power Supply:** 230V, 50Hz AC Supply with rechargeable Battery Pack comprising of Li-Ion battery suitable for approx. 4hrs operation complete with battery charger / adapter
- **Mouse:** Optical Scroll mouse
- **Carry case:** Backpack to be provided
- **Weight:** Weight Less than 2.5 Kg
- **Warranty:** 5 year comprehensive onsite OEM warranty including battery and charger
- **Certification:** Energy Star 5.0/ Bureau of Energy Efficiency (BEE) certification, RoHS (Preferable)
- **Operating System:** Ubuntu 16.04 LTS preloaded

കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചതനുസരിച്ച് നിരക്ക് പുതുക്കി നിശ്ചയിക്കുന്നതിന്റെ ആവശ്യകത ഐ.ടി മിഷൻ ഡയറക്ടർ പരിശോധിച്ചു. മിഡിൽ ലെവൽ സ്പെസിഫിക്കേഷനുള്ള ലാപ് ടോപ്പുകൾക്ക് 38,000/- രൂപയാകുമെന്ന് ഐ.ടി. മിഷൻ ഡയറക്ടർ യോഗത്തിൽ അറിയിച്ചു.

തീരുമാനം:- അടുത്ത വർഷം (2019-20) മുതൽ മിഡിൽ ലെവൽ സ്പെസിഫിക്കേഷൻ ഉള്ള ലാപ് ടോപ്പുകളുടെ നിരക്ക് പരമാവധി 38,000/- രൂപയായി നിശ്ചയിക്കുന്നു.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**ഖണ്ഡിക 4.8**

**വരാപ്പുഴ ഗ്രാമപഞ്ചായത്ത്**

**വരാപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05.11.2018-ലെ A2-5816/17-ാം നമ്പർ കത്തും**

പഞ്ചായത്തിൽ ലൈഫ് മിഷനിൽ പദ്ധതിക്ക് ലഭ്യമായ വിഹിതം 1.20 കോടി രൂപയാണ് (ബ്ലോക്ക്/ ജില്ലാ പഞ്ചായത്ത് വിഹിതം ഉൾപ്പെടെ). അർഹരായ 29 പേരിൽ 25 പേർ എഗ്രിമെന്റ് വച്ചു. നാലുപേർ തീരദേശ പരിപാലന നിയമത്തിന്റെ പരിധിയിൽ ഭൂമിയുള്ളവരാണ്. ഇവർക്ക് ധനസഹായം നൽകാൻ കഴിയില്ല. അതിനാൽ ശേഷിക്കുന്ന തുക ഉപയോഗിച്ച് പഞ്ചായത്തിലെ ഭവന രഹിതരുടെ സപ്ലിമെന്ററി ലിസ്റ്റിലുള്ള ഗുണഭോക്താക്കൾക്ക് ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച് .

**റിപ്പോർട്ട്:-** പ്രത്യേക അനുമതി നൽകുന്നു

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**ഖണ്ഡിക 4.16**

**കോഴിക്കോട് ജില്ലാ പഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.11.2018-ലെ കത്തും ഭരണസമിതിയുടെ 25.10.2018-ലെ കത്തും**

കയർ കൈത്തറി സഹകരണ സംഘങ്ങൾക്ക് വർക്ക് ഷെഡ് നിർമ്മിക്കുന്നതിനായി താഴെപ്പറയുന്ന പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. (SRG 1079, 1071, 1072, 1073/18)

| ക്രമ നം | പ്രോ.നം. | പേര് | പദ്ധതി വിഹിതം |
|---|---|---|---|
| 1 | 482/19 | ഒളവണ്ണ കയർ സൊസൈറ്റിക്ക് ധനസഹായം നൽകൽ | 15,00,000/- രൂപ |
| 2 | 489/19 | കടലുണ്ടി കയർ സൊസൈറ്റിക്ക് ധനസഹായം നൽകൽ | 15,00,000/- രൂപ |
| 3 | 1235/19 | കേരള കൈത്തറി വീവേഴ്സ് സൊസൈറ്റി വർക്ക് ഷെഡ് ചിറയിൻ പീടിക, അഴിയൂർ | 15,00,000/-രൂപ |
| 4 | 1249/19 | ഇരങ്ങല്ലൂർ കയർ വ്യവസായ സഹകരണ സംഘം - ഒളവണ്ണ | 30,00,000/-രൂപ |

മാർഗ്ഗരേഖയിലെ വ്യവസ്ഥ ഒഴിവാക്കി ജില്ലാ പഞ്ചായത്ത് വകയിരുത്തിയ മുഴുവൻ തുകയും ധനസഹായമായി നൽകാൻ അനുമതി സംബന്ധിച്ച്. ഈ സഹകരണ സംഘങ്ങളുടെ പ്രവർത്തനം, പ്രളയത്തിലുണ്ടായ നഷ്ടം എന്നിവയുടെ വിശദാംശങ്ങൾ സഹിതം പരിശോധിച്ച് പഞ്ചായത്ത് ഡയറക്ടർ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് റിപ്പോർട്ട് നൽകണം.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2)പഞ്ചായത്ത് ഡയറക്ടർ**

**ഖണ്ഡിക 4.19**

**ഐക്കരനാട് ഗ്രാമപഞ്ചായത്ത്**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.11.2018-ലെ കത്തും ഐക്കരനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 18.09.2018-ലെ A3 - 10/18-ാം നമ്പർ കത്തും**

***പ്രോ.നം. 67/19, 140/19, 139/19, 69/19 അടങ്കൽ 25,000/- രൂപ***

***പേര്:- പട്ടികവർഗ്ഗ കുട്ടികൾക്ക് പഠനോപകരണങ്ങൾ (മേശ, കസേര)***

ഐക്കരനാട് പഞ്ചായത്തിലെ ചില പട്ടികവർഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തു .അതിനാൽ 2015 മുതൽ ഇവർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ല. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന പ്രോജക്ടുകൾക്ക് ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| 1) | വിവിധ കോഴ്സുകൾക്കു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം | അടങ്കൽ 64,000/- രൂപ |
| 2) | പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് | അടങ്കൽ 30,000/- |
| 3) | പട്ടികവർഗ്ഗത്തിൽപ്പെട്ട വൃദ്ധർക്ക് കട്ടിൽ വാങ്ങൽ | അടങ്കൽ 43,500/- രൂപ |

**തീരുമാനം:-** ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകാവുന്നതാണെന്ന് പട്ടികവർഗ്ഗ ഡയറക്ടറുടെ പ്രതിനിധി യോഗത്തിൽ അറിയിച്ചതനുസരിച്ച് അനുമതി നൽകുന്നു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**ഖണ്ഡിക 4.22**

**അയ്മനം ഗ്രാമ പഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.11.2018-ലെ കത്തും അയ്മനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 22.11.2018-ലെ കത്തും (SRG 1109/18 - CC 575/18)**

***പ്രോ.നം. 218/19 അടങ്കൽ 23,90,000/-- രൂപ***
***(തനത് ഫണ്ട് 3,50,000/- രൂപ***
***ശുചിത്വ മിഷൻ വിഹിതം 20,40,000/- രൂപ)***

***പേര്:- കക്കൂസ് നിർമ്മാണം***

പ്രളയത്തെത്തുടർന്ന് ഏകദേശം 320 കക്കൂസ് പഞ്ചായത്തിൽ നശിച്ചുപോയി. ശുചിത്വമിഷൻ ഫണ്ട് കൂടി ചേർത്ത് 170 പേർക്കു കൂടി കക്കൂസ് നിർമ്മിക്കാനുള്ള പ്രോജക്ട് ഈ വർഷം സ്പിൽ ഓവറായി തുടരുന്നു. ODF ആയി പ്രഖ്യാപിച്ച പഞ്ചായത്തായതിനാൽ പ്രത്യേക അനുമതി സംബന്ധിച്ച്.

**തീരുമാനം-** ശുചിത്വ മിഷൻ വിഹിതമായി ഉൾപ്പെടുത്തിയിരിക്കുന്നത് സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ആണ്. ഈ വിഹിതം ഇതിനായി ഉപയോഗിക്കാവുന്നതല്ല എന്ന് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു. അനുമതി നിരസിച്ചു.

**നടപടി:- 1) നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**
**2) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ**

**ഖണ്ഡിക 4.27**

**പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത്**

**കോട്ടയംജില്ലാപ്ലാനിംഗ് ഓഫീസറുടെ 24.11.18 ലെ കത്തും പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.09.18ലെ 4(4)-ാം നമ്പർ തീരുമാനവും.**

***പ്രോ.നം 148/19 അടങ്കൽ 14,93,800/- രൂപ***

***( തനതുഫണ്ട് 10,62,205/- രൂപ***

***ബ്ലോക്ക് വിഹിതം 4,31,595/- രൂപ)***

2016-17 ൽ കക്കൂസ് നിർമ്മാണത്തിന് പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. ആകെ ഗുണഭോക്താക്കൾ 532. ഇതിൽ 211 പേർ നിർമ്മാണം പൂർത്തിയാക്കി രേഖകൾ സമർപ്പിച്ച ധനസഹായം കൈപ്പറ്റി. 321 പേർ കക്കൂസ് നിർമ്മാണം 31.03.17 നകം പൂർത്തിയാക്കി. എന്നാൽ രേഖകൾ സമർപ്പിക്കാൻ കഴിയാത്തതിനാൽ അതേ വർഷം തുക നൽകിയില്ല. ഈ പ്രോജക്ട് 2017-18, 2018-19 വർഷം സ്പിൽ ഓവറായി തുടരുന്നു. ധനസഹായം നൽകാൻ സർക്കാർ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** ഗ്രാമപഞ്ചായത്തിനെ ODF ആയി പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ കക്കൂസ് ഇല്ലാത്ത ഗുണഭോക്താക്കൾ ഉണ്ടോ എന്നത് വിശദമായ ഫീൽഡ് വെരിഫിക്കേഷൻ നടത്തി പഞ്ചായത്ത് റിപ്പോർട്ട് സഹിതം പുനഃസമർപ്പിക്കണം.. റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ പിന്നീട് തീരുമാനിക്കും

**നടപടി:- 1)എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ**

**ഖണ്ഡിക 4.38**

**ആലത്തൂർ ഗ്രാമപഞ്ചായത്ത്**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.11.18 ലെ കത്ത് (SRG 1135/18 . CC 605/2018)**

***പ്രോ.നം 177/19 അടങ്കൽ 29,40,000/- രൂപ (SCP)***

***(വികസനഫണ്ട് 1,40,000/- രൂപ SCP***

***ജില്ലാപഞ്ചായത്ത് വിഹിതം 24,00,000/-***

***ബ്ലോക്ക് പഞ്ചായത്ത് വിഹിതം 4,00,000/-***

വീടുവച്ച നൽകാനായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് സ്ഥലം വാങ്ങി നൽകാനുള്ള പ്രോജക്ട് 2017-18 വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ഇത് ഈ വർഷം സ്പിൽ ഓവറായി തുടരുന്നു. ലൈഫ് മിഷൻ മാർഗ്ഗരേഖപ്രകാരമല്ല എന്നതിനാൽ ഈ പ്രോജക്ട് നടപ്പാക്കാൻ പ്രത്യേക അനുമതി സംബന്ധിച്ച്.

**തീരുമാനം:-** എസ്.സി. വകുപ്പിന്റെ മാനദണ്ഡമനുസരിച്ച് നൽകുന്നതിന് പ്രത്യേക അനുമതി നൽകുന്നു.

**നടപടി:- 1) നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ**

**2.2 17.01.2019-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**ഖണ്ഡിക 3.2**

അംഗൻവാടി അദ്ധ്യാപകർക്കും ആയമാർക്കും നൽകേണ്ട അധിക ഓണറേറിയത്തിന്റെ കുടിശ്ശിക വികസനഫണ്ടിൽ നിന്ന് ട്രാൻസ്ഫർ ക്രെഡിറ്റ്

ചെയ്യണമെന്ന് ധനവകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ പല തദ്ദേശഭരണ സ്ഥാപനങ്ങളും ഇങ്ങനെയുള്ള കുടിശ്ശിക തനത്ഫണ്ട് ഉപയോഗിച്ച നൽകാൻ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. കുടിശ്ശിക തുക തനത് ഫണ്ടുപയോഗിച്ച് നൽകുന്നതിനുള്ള അനുമതി നൽകണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**
**2) ധനവകുപ്പ്**

**ഖണ്ഡിക 4.1**

**പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത്**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.12.2018-ലെ കത്തും പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 17.12.2018-ലെ II(1)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 1230/18) CC/763/18)**

***പ്രോ.നം 20/19*** ***അടങ്കൽ 20,00,000/- രൂപ***
***വികസനഫണ്ട് - 10,00,000/- രൂപ***
***നിർമ്മൽ പുരസ്കാര വിഹിതം - 10,00,000/- രൂപ***

***പേര്:- നിർമ്മലം നിർഭയം (സ്ത്രീ സൗഹൃദ ശുചിത്വ ബ്ലോക്ക്)***

ബ്ലോക്ക് പഞ്ചായത്ത് മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി നിർമ്മലം നിർഭയം എന്ന പ്രോജക്ട് നടപ്പാക്കുന്നു. ഇതിന്റെ ഭാഗമായി CC TVക്യാമറ സ്ഥാപിക്കാൻ അനുമതി സംബന്ധിച്ച്. CC TV ക്യാമറ സ്ഥാപിക്കുമ്പോൾ മോണിറ്ററിംഗ്, മെയിന്റനൻസ് അടക്കമുള്ള ഭാവി പ്രവർത്തനം എങ്ങനെയാണ് എന്ന വിശദാംശം നൽകണം. ശുചിത്വ മിഷൻ ഡയറക്ടർ ഇതു പരിശോധിച്ച് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്ക് മുമ്പ് റിപ്പോർട്ട് നൽകണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ ശുചിത്വ മിഷൻ**

**ഖണ്ഡിക 4.18**

**കൈനകരി ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.12.2018-ലെ കത്ത്.(SRG 1266/18/CC774/18)**

കൈനകരി ഗ്രാമപഞ്ചായത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആലപ്പുഴ ജില്ലയിലെ കോസ്റ്റ് ഇൻഡക്സ് പ്രകാരമാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത്. വള്ളത്തിൽ കയറ്റിയാണ് സാധന സാമഗ്രികൾ പഞ്ചായത്തിൽ എത്തിക്കുന്നത്. പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കാരണം നിലവിലെ ആലപ്പുഴ ജില്ലയുടെ കോസ്റ്റ് ഇൻഡക്സ് പ്രകാരം പ്രവൃത്തി ചെയ്യാൻ കോൺട്രാക്ടർമാർ തയ്യാറാകുന്നില്ല. അതിനാൽ സമാന ഭൂപ്രകൃതിയുള്ള സായ് പുന്നമട കോസ്റ്റ് ഇൻഡക്സ് പ്രകാരം കൈനകരി പഞ്ചായത്തിലെ പ്രവൃത്തികൾക്ക് ഉയർന്ന നിരക്ക് അനുവദിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** സായ് പുന്നമടയുടെ കോസ്റ്റ് ഇൻഡക്സ് നൽകുമ്പോൾ നിലവിലുള്ള നിരക്കിനേക്കാൾ 7.6% അധിക നിരക്ക് നൽകേണ്ടതായി വരും എന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകി. ഇത് ധനവകുപ്പിന്റെ പരിഗണനയ്ക്ക് നൽകാൻ തീരുമാനിച്ചു.

**നടപടി:- 1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**
**2) ധനവകുപ്പ്**

**ഖണ്ഡിക 4.23**

**അരിക്കോട് ഗ്രാമപഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.10.2018-ലെ കത്ത് (CC/287/18)**

***പ്രോ.നം 132/19 അടങ്കൽ 4,50,000/- രൂപ***

***പേര് - ബസ് സ്റ്റാന്റ് ഇൻറർലോക്കിംഗ് പൂർത്തീകരണം***

2017-18-ൽ ബസ് സ്റ്റാൻഡ് യാർഡ് ഇന്റർ ലോക്കിംഗും ഡ്രൈനേജ് നിർമ്മാണവും (പ്രോ.നം. 29/18) എന്ന പ്രവൃത്തി പൂർത്തിയാക്കി. ഫൈനൽ ബിൽ തുകയായ 21,58,882/- രൂപ നൽകി. എന്നാൽ അധികമായി കുറച്ചു പണി കൂടി ''ഇന്റർലോക്ക് പൂർത്തീകരണം'' എന്ന പേരിൽ പഴയ കരാറുകാരനെക്കൊണ്ട് ടെണ്ടർ കൂടാതെ ചെയ്യിപ്പിച്ചു. ഇതിന്റെ തുക നൽകാൻ 2018-19-ൽ പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നുവെങ്കിലും നടപ്പാക്കിയ പ്രവൃത്തി ആയതിനാൽ വെറ്റിംഗ് ഓഫീസർ പരിശോധന നടത്തിയില്ല. ചെയ്ത പ്രവൃത്തിക്ക് കോഓർഡിനേഷൻ കമ്മിറ്റിയുടെ സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്

ഇതു പരിശോധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകി . ബസ് സ്റ്റാന്റ് യാർഡ് ഇന്റർ ലോക്കിംഗും ഡ്രെയിനേജ് നിർമ്മാണവും എന്ന ആദ്യ ഘട്ടത്തിലെ പ്രവൃത്തി 32.11% കുറവായാണ് കരാർ പോയത്. ഇതേ നിരക്കിൽ ഇതിന്റെ തുകയും നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ശുപാർശ ചെയ്തു

**റിപ്പോർട്ട്:-** പ്രവൃത്തി പരിശോധിച്ച് തൃപ്തികരമായി പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ ആദ്യത്തെ പ്രവൃത്തി ടെണ്ടർ പോയ നിരക്കിൽ (32.11% below) തുക നൽകാൻ അനുമതി നൽകുന്നു.

**നടപടി:-1 തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) ചീഫ് എഞ്ചിനീയർ,**
**തദ്ദേശസ്വയംഭരണ വകുപ്പ്**

**ഖണ്ഡിക 4.24**

**അരീക്കോട് ഗ്രാമപഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.10.2018-ലെ ത്ത് ( CC/288/18)**

***പ്രോ.നം 133/19 അടങ്കൽ 2,00,000/- രൂപ***

***പേര് - ബസ് സ്റ്റാൻഡ് - ഷോപ്പിംഗ് കോംപ്ലക്സ് സ്റ്റെയർകേസ് നിർമ്മാണം***

ബസ് സ്റ്റാൻഡ് യാർഡ് ഇന്റർലോക്കിംഗും ഡ്രൈനേജും എന്ന പ്രോജക്ട് 2017-18-ൽ നടപ്പാക്കി ഫൈനൽ ബിൽ തുക നൽകി ഈ പ്രവൃത്തിയുടെ കരാറുകാരനെക്കൊണ്ടുതന്നെ ടെണ്ടർ കൂടാതെ അധികമായി ''ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് സ്റ്റെയർ കേസ് നിർമ്മാണം'' എന്ന പ്രവൃത്തി കൂടി ചെയ്യിപ്പിച്ചു. ഇതിന്റെ ബിൽ തുക നൽകാൻ 2018-19-ൽ 2.00 ലക്ഷം രൂപ അടങ്കലിൽ പ്രോജക്ട്

തയ്യാറാക്കിയെങ്കിലും പ്രവൃത്തി നടപ്പാക്കിയതിനാൽ വെറ്റിംഗ് ഓഫീസർ പരിശോധിച്ചില്ല. ഇതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയെങ്കിലും എന്തുകൊണ്ട് സ്റ്റെയർകേസ് പണിയാതെ ഒന്നാം നില പണിതു എന്നതടക്കം വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയറോട് വീണ്ടും നിർദ്ദേശിച്ചു.

**നടപടി:- നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**2) ചീഫ് എഞ്ചിനീയർ,**

**തദ്ദേശസ്വയംഭരണ വകുപ്പ്**

**ഖണ്ഡിക 4.31**

**കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ കുറിപ്പ്**

കുടുംബശ്രീയുടെ നേതൃത്വത്തിൽ 110 ഗ്രാമപഞ്ചായത്തുകളിലും 15 നഗരസഭകളിലുമായി 265 ഗൃഹ നിർമ്മാണ യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്. സർക്കാർ ഭവന പദ്ധതിയിൽ (ഉദാ. ലൈഫ്, പി.എം.എ.വൈ, ആശ്രയ) ഉൾപ്പെടെ ഭവനങ്ങളുടെ നിർമ്മാണം സംബന്ധിച്ച് ഗുണഭോക്താക്കൾക്ക് നേരിട്ട് ഭവനങ്ങൾ നിർമ്മിച്ച് പൂർത്തീ കരിക്കുവാൻ കഴിയാത്ത സാഹചര്യത്തിലോ ഗുണഭോക്താക്കൾ, കുടുംബശ്രീ നിർമ്മാണ ഗ്രൂപ്പുകൾ മുഖാന്തിരം നിർമ്മിക്കാൻ താൽപര്യപ്പെടുന്ന സാഹചര്യത്തിലോ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് വീടുകളുടെ നിർമ്മാണ ചുമതല കുടുംബശ്രീ നിർമ്മാണ ഗ്രൂപ്പുകളെ ടെണ്ടർ കൂടാതെ ഏൽപ്പിക്കാവുന്നതാണ്.

ഇന്നത്തെ യോഗ തീരുമാനം ഖണ്ഡിക പ്രത്യേക വിഷയം 4.21 കൂടി ചേർത്ത് നിർദ്ദേശം നൽകേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി ) വകുപ്പ്**

**3.പൊതു വിഷയങ്ങൾ**

================

**3.1** മിഷൻ അന്ത്യോദയ സർവേ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ഫീൽഡ് ഓഫീസർമാരുടെ സേവനം ഉപയോഗിച്ച് നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. സർവേ സംബന്ധമായ പ്രവർത്തനങ്ങൾ സമയ ബന്ധിതമായി നടക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് ജില്ലാതലത്തിൽ ഒരു മോണിട്ടറിംഗ് കമ്മിറ്റി ചുവടെ പറയുന്ന ഘടനയിൽ രൂപീകരിക്കുന്നതിന് തീരുമാനിച്ചു.

| | | |
|---|---|---|
| ചെയർപേഴ്സൺ | - | ചെയർപേഴ്സൺ, ജില്ലാ ആസൂത്രണസമിതി |
| സെക്രട്ടറി | - | ജില്ലാ കളക്ടർ & മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണസമിതി |
| അംഗങ്ങൾ | - | 1) ജില്ലാ ആസൂത്രണസമിതിയിലെ സർക്കാർ നോമിനി<br>2) ഡെപ്യൂട്ടി ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്<br>3) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ<br>4) ജനകീയാസൂത്രണ ജില്ലാ ഫെസിലിറ്റേറ്റർ |
| കൺവീനർ | - | ജില്ലാ പ്ലാനിംഗ് ഓഫീസർ |

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

### 3.2 ഗ്രാമപഞ്ചായത്ത് വികസന പദ്ധതി ( GPDP)

ഗ്രാമപഞ്ചായത്ത് വികസന പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് വിശദമായ മാർഗ്ഗ നിർദ്ദേശം കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയം എല്ലാ സംസ്ഥാനത്തിനും നൽകിയിട്ടുണ്ട്. 2019-20 വാർഷിക പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ഒക്ടോബർ 2-ന് ആരംഭിക്കണമെന്നാണ് സംസ്ഥാനങ്ങളോട് ആവശ്യപ്പെട്ടിരുന്നത്. കേരളത്തിൽ ഒരു ഗ്രാമപഞ്ചായത്തും ഒരു മുനിസിപ്പാലിറ്റിയും ഒഴികെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും അടുത്ത വാർഷിക പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരുന്ന എല്ലാ നടപടിക്രമങ്ങളും കേരളത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതി രൂപീകരണം സംബന്ധിക്കുന്ന വിശദാംശങ്ങൾ (ഉദാ: ഗ്രാമസഭാ, വികസന സെമിനാർ തുടങ്ങിയ കാമ്പയിൻ പ്രവർത്തനങ്ങൾ) കേന്ദ്ര സർക്കാരിന്റെ പോർട്ടിലേയ്ക്ക് അപ് ലോഡ് ചെയ്തിട്ടുണ്ട്. എന്നാൽ വാർഷിക പദ്ധതി സംബന്ധിച്ച വിവരങ്ങൾ (ഉദാ: എത്ര പ്രോജക്ട്, അടങ്കൽ തുക തുടങ്ങിയവ) അപ് ലോഡ് ചെയ്തിട്ടില്ല. ഇത് എത്രയും പെട്ടെന്ന് ഐ.കെ.എം. പൂർത്തിയാക്കണം ഇതിന്റെ പുരോഗതി അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ അവതരിപ്പിക്കണം.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) ഇൻഫർമേഷൻ കേരള മിഷൻ**

**3.3** ജനകീയാസൂത്രണ മാർഗ്ഗരേഖ പ്രകാരം കിണർ റീ ചാർജ്ജിംഗിന് ധനസഹായം നൽകാവുന്നതാണ്. തിരുവനന്തപുരം ജില്ലയടക്കം ചില ജില്ലകളിൽ കിണർ റീചാർജ്ജിംഗ് വിപുലമായി നടത്തുന്നുണ്ട്. മണ്ണ് - ജല സംരക്ഷണ പരിപാടിയെന്ന നിലയിൽ ഇതിന്റെ നിർവഹണ ഉദ്യോഗസ്ഥനായി കൃഷി ഓഫീസറെയാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ ഹരിത ഭവനവുമായി ബന്ധപ്പെട്ടുള്ള കിണർ റീ ചാർജ്ജിംഗിന്റെ നിർവഹണം നിർബന്ധമായും കൃഷി ഓഫീസർ ആകണമെന്നും മറ്റുള്ള കിണർ റീ ചാർജ്ജിംഗിന്റെ നിർവഹണ ഉദ്യോഗസ്ഥനായി തദ്ദേശഭരണ സ്ഥാപനം നിശ്ചയിക്കുന്ന അനുയോജ്യരായ മറ്റ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്താവുന്നതാണെന്നും നിർദ്ദേശം നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**3.4** കൊച്ചി കോർപ്പറേഷൻ ഒഴികെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളേയും ODF ആയി പ്രഖ്യാപിച്ചതാണ്. പല തദ്ദേശഭരണ സ്ഥാപനങ്ങളും പുതിയ കക്കൂസ് നിർമ്മാണത്തിനും കക്കൂസ് അറ്റകുറ്റപ്പണിക്കും പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാർഗ്ഗരേഖയിൽ ഇത് ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഇത്തരം പ്രോജക്ടുകൾ നടപ്പാക്കാനായി കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി പല തദ്ദേശഭരണ സ്ഥാപനങ്ങളും തേടുന്നുണ്ട്.

കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിക്ക് സമർപ്പിക്കുന്ന കക്കൂസ് നിർമ്മാണം, കക്കൂസ് അറ്റകുറ്റപ്പണി എന്നിവയുടെ പ്രോജക്ട്/ അപേക്ഷയോടൊപ്പം ഇതിന്റെ ആവശ്യകത, മറ്റ വിശദാംശങ്ങൾ എന്നിവ സംബന്ധിച്ച് ശുചിത്വ മിഷൻ ജില്ലാ കോഓർഡിനേറ്ററുടെ റിപ്പോർട്ടും ഉൾപ്പെടുത്തണം. ഇതുൾപ്പെടുത്താതെ സമർപ്പിക്കുന്നവ കോഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കുന്നതല്ല.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

3.5 സാമ്പത്തിക വർഷം അവസാനിക്കാറായ ഘട്ടത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നടപ്പ വർഷത്തെ പദ്ധതിക്ക് ഭേദഗതി വരുത്താനുള്ള സൗകര്യം 28.01.2019 മുതൽ സുലേഖ സോഫ്റ്റ് വെയറിൽ ചെയ്തിട്ടുണ്ട്. ഭേദഗതികൾ അന്തിമമാക്കി 08.02.2019-നകം ജില്ലാ ആസൂത്രണസമിതിക്കു സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇത് 15.02.2019 വരെ ദീർഘിപ്പിക്കുന്നു. പാർലമെന്റ് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ടം വരുന്നതിനു മുമ്പേ പ്രോജക്ട് ഭേദഗതികൾ, വെറ്റിംഗ് പ്രക്രിയ തുടങ്ങിയവ പൂർത്തിയാക്കിയില്ലായെങ്കിൽ വാലിഡേഷൻ ക്രമപ്പെടുത്താൻ കഴിയില്ല. ഇത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയെ ആകെ ബാധിക്കും എന്നതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിൽ നൽകി വെറ്റിംഗ്, സാങ്കേതികാനുമതിയടക്കമുള്ള നടപടിക്രമങ്ങൾ എന്നിവ പൂർത്തിയാക്കി 15.02.2019-നകം ഭേദഗതി പ്രോജക്ടുകൾ ജില്ലാ ആസൂത്രണസമിതിക്ക് നൽകണം. ഇത് അതത് തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ ഉത്തരവാദിത്തമാണ്. ഇതു സംബന്ധിച്ച പ്രത്യേക അറിയിപ്പ് ഇന്നുതന്നെ നൽകാൻ ബന്ധപ്പെട്ട വകുപ്പമേധാവികളെ ചുമതലപ്പെടുത്തുന്നു. ഇതു വകുപ്പ മേധാവികൾ കൃത്യമായി മോണിട്ടർ ചെയ്യണം. ജില്ലാ ആസൂത്രണസമിതികൾ സമയബന്ധിതമായി 16.02.2018-നു തന്നെ യോഗം ചേർന്ന് അംഗീകാര നടപടികൾ പൂർത്തിയാക്കണം.

**നടപടി :-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**
**3) നഗരകാര്യ ഡയറക്ടർ**
**4) ഗ്രാമവികസന കമ്മീഷണർ**
**5) എല്ലാ ജില്ലാ കളക്ടർമാരും**

3.6 പൊതുവിഭാഗത്തിൽപ്പെടുന്ന വിധവകളായവരുടെ പെൺമക്കൾക്ക് 30,000/- രൂപ നിരക്കിൽ വിവാഹ ധനസഹായം അടുത്ത വർഷം മുതൽ (2019-20) നൽകാവുന്നതാണ്. വരുമാന പരിധി 2.00 ലക്ഷം രൂപ

**നടപടി :-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

3.7 ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ നെറ്റ് കണക്ഷൻ നൽകുന്നതിന് CSR ഫണ്ട് ലഭിക്കുന്നതടക്കമുള്ളതിന്റെ സാധ്യത പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പട്ടികവർഗ്ഗ വികസന വകുപ്പ ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി :-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) പട്ടികജാതി വികസന ഡയറക്ടർ**

## 4. പ്രത്യേക വിഷയങ്ങൾ

=====================

### 4.1 അയ്മനം ഗ്രാമപഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.01.2019-ലെ കത്തും അയ്മനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 22.11.2018, 07.01.2019 എന്നീ തീയതികളിലെ കത്തും 14.11.2018-ലെ 4(1)ാം നമ്പർ ഭരണസമിതി തീരുമാനവും**

| | |
|---|---|
| *പ്രോ.നം 235/19* | *അടങ്കൽ 18,00,000/- രൂപ (തനത് ഫണ്ട്)* |
| *349/19(SCP)* | *അടങ്കൽ 19,00,000/- രൂപ (ബ്ലോക്ക് വിഹിതം 7,98,500/- പഞ്ചായത്ത് വിഹിതം 11,01,500/- രൂപ )* |

***പേര്:- സ്ഥലം വാങ്ങൽ***

പട്ടികജാതി വിഭാഗക്കാർക്കും പൊതു വിഭാഗത്തിനുമായി ഭവന നിർമ്മാണത്തിന് രണ്ട് പ്രോജക്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഗുണഭോക്തൃ കുടുംബങ്ങൾ 20 പേർ. ഇതിനായി 32 സെന്റ് സ്ഥലം വാങ്ങി 2 നില കെട്ടിടമാണ് പണിയാൻ ഉദ്ദേശിക്കുന്നത്. സ്ഥലം വാങ്ങി നൽകിയാൽ റോട്ടറിക്ലബ് വീട് സൗജന്യമായി പണിതു നൽകുമെന്ന് ധാരണയായിട്ടുണ്ട്. ഗുണഭോക്താക്കൾ ഭൂരഹിത-ഭവനരഹിത രായവർക്കുള്ള ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടവരാണ്. ഒരു കുടുംബത്തിന് 3 സെന്റ് സ്ഥലം എന്ന മാനദണ്ഡവും സ്ഥലത്തേയ്ക്കുള്ള വഴിയുടെ വീതി 5 മീറ്റർ എന്നതും ഒഴിവാക്കി നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം:-** 1) ലൈഫ് മിഷന്റെ ഒന്നാം ഘട്ട ഗുണഭോക്തൃ ലിസ്റ്റിൽ എത്ര പേരുണ്ട്, അവർക്കാവശ്യമായ ഭവനം നിർമ്മിച്ചു നൽകാൻ മതിയായ ഫണ്ട് ലഭ്യമാണോ തുടങ്ങിയവ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നിർദ്ദേശിക്കുന്നു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

### 4.2 തൃശ്ശൂർ ജില്ലാ പഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 09.10.2018-ലെ DTP/D-3/4789/17-ാം നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 31.12.2018-ലെ യോഗ തീരുമാനവും (ഖണ്ഡിക 4.32) തൃശ്ശൂർ -DPC യുടെ 24.03.2018-ലെ യോഗ തീരുമാനവും (LSGD - DA1/664/18/LSGD)**

കുട്ടികൾക്കിടയിലെ ബുദ്ധിപരമായ വെല്ലുവിളികൾ, ഓട്ടിസം, സെറിബ്രൽ പാൾസി, തുടങ്ങിയവ നേരിടുന്നതിന് ഭിന്നശേഷിക്കാരായ വ്യക്തികളുടെ ക്ഷേമവും, വികസനവും ലക്ഷ്യമാക്കി തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ''ശുഭാപ്തി'' എന്ന പേരിൽ ഒരു ജില്ലാതല ഭിന്നശേഷി വിഭവകേന്ദ്രം (DDRC) സ്ഥാപിക്കുന്നുണ്ട്. ഇത്തരം കുട്ടികളെ പരിചരിക്കുന്ന തിനുള്ള സെന്ററിന്റെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചാൽ ഉടൻ തന്നെ പ്രവർത്തനം തുടങ്ങണം. ഇതിന് ആദ്യത്തെ രണ്ട് വർഷത്തേയ്ക്ക് ആവശ്യമായി വരുന്ന ചെലവ് തൃശ്ശൂർ ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് കണ്ടെത്താൻ ഉദ്ദേശിക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈ തുക

ശേഖരിക്കാൻ അനുമതി കോഓർഡിനേഷൻ കമ്മിറ്റിയുടെ 31.12.2018-ലെ യോഗത്തിൽ പരിഗണിച്ചിരുന്നുവെങ്കിലും ഇതിന്മേൽ ജില്ലാ ആസൂത്രണസമിതി തലത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാരുടെ യോഗം കൂടി തീരുമാനമെടുത്ത് അറിയിക്കാൻ കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നു.

ജില്ലാ ആസൂത്രണസമിതിയുടെ 24.03.2018-ലെ യോഗത്തിൽ താഴെപ്പറയും പ്രകാരം വിഭവ സമാഹരണം നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും ഇതനുസരിച്ച് അനുമതി നൽകണമെന്നതും സംബന്ധിച്ച്

1) ഗ്രാമപഞ്ചായത്ത് - 50,000/- രൂപ
2) ബ്ലോക്ക് പഞ്ചായത്ത് - 1,00,000/- രൂപ
3) മുനിസിപ്പാലിറ്റി - 1,00,000/- രൂപ
4) കോർപ്പറേഷൻ - 10,00,000/- രൂപ
5) ജില്ലാ പഞ്ചായത്ത് - 50,00,000/- രൂപ

**തീരുമാനം:-** ഈ നിർദ്ദേശം സംബന്ധിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാരുടെ യോഗം ജില്ലാ ആസൂത്രണസമിതി തലത്തിൽ വിളിച്ച് മുകളിൽ പറഞ്ഞ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ തുക നൽകാൻ തയ്യാറാണെങ്കിൽ തുക കൈമാറാൻ അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.3 തൃശ്ശൂർ ജില്ലാ പഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ കളക്ടറുടെ 21.03.2018-ലെ കത്ത് (LSGD - DB4/85/2018 - LSGD)**

തൃശ്ശൂർ ജില്ലയിൽ വയോജന പരിപാലന പദ്ധതിയുടെ ആസൂത്രണം, നിർവഹണം, ഏകോപനം എന്നിവയ്ക്കായി ''സുശാന്തം - സൊസൈറ്റി ഫോർ കെയർ ആന്റ് കംപാഷൻ'' എന്ന പേരിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായും ജില്ലാ കളക്ടർ സെക്രട്ടറിയായും സൊസൈറ്റി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ സൊസൈറ്റിയിൽ താഴെപ്പറയുന്ന നിരക്കിൽ ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും അംഗത്വ ഫീസ് എടുക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

1) ഗ്രാമപഞ്ചായത്ത് - 1.00 ലക്ഷം രൂപ
2) ബ്ലോക്ക് പഞ്ചായത്ത് - 1.00 ''
3) മുനിസിപ്പാലിറ്റി - 2.00 ''
4) കോർപ്പറേഷൻ - 10.00 ''
5) ജില്ലാ പഞ്ചായത്ത് - 10.00 ലക്ഷം

**തീരുമാനം:-** ഇപ്രകാരം സൊസൈറ്റി രൂപികരിച്ച് ഈ പ്രോജക്റ്റ് നടപ്പാക്കുന്നത് അഭികാമ്യമല്ലെന്ന് യോഗം വിലയിരുത്തി. അനുമതി നിരസിച്ചു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.4 മാറഞ്ചേരി ഗ്രാമപഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.01.19-ലെ കത്ത് (SRG 19/19 CC 3/19)**

***പ്രോ.നം 201/19 അടങ്കൽ 2,49,793/ രൂപ (വികസന ഫണ്ട്)***

***പേര്:- സ്കൂളിൽ എയ്റോബിക് മാലിന്യ സംസ്കരണ യൂണിറ്റ്***

പഞ്ചായത്തിൽ രണ്ട് സ്കൂളുകളിൽ 1,50,000/- രൂപാ നിരക്കിൽ എയ്റോബിക് മാലിന്യ സംസ്കരണ യൂണിറ്റ് സ്ഥാപിക്കാൻ 21.03.2018-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ അനുമതി നൽകിയിരുന്നു. പ്രോജക്ട് നടപ്പാക്കുന്നത് IRTC മുഖേനയാണ്. IRTC നൽകിയ യൂണിറ്റ് നിരക്ക് 2,43,694/- രൂപയാണ്. പുതുക്കിയ നിരക്കിൽ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം:-** ഇതു പരിശോധിച്ച് സാങ്കേതികാനുമതി നൽകേണ്ടത് ശുചിത്വ മിഷൻ ആണ്. ശുചിത്വ മിഷൻ നൽകുന്ന സാങ്കേതികാനുമതി തുക എത്രയാണോ ആ നിരക്ക് നൽകാൻ അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 4.5 കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.01.2019-ലെ കത്തും കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 17.01.2019-ലെ കത്തും D - 270/17-ാം നമ്പർ കത്തും (SRG 62/19/ CC 55/19)**

ഐ.എ.വൈ പദ്ധതിക്കു ലഭിച്ച തുകയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിൽ 64,15,934/- രൂപ ചെലവഴിക്കാതെ മിച്ചമുണ്ട്. ഈ തുക കാല വർഷക്കെടുതിയിൽ വീടു തകർന്നവർക്ക് വീട് റിപ്പയർ ചെയ്യുന്നതിന് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം:-** പ്രളയത്തിൽ തകർന്ന വീടുകൾ റിപ്പയർ ചെയ്യുന്നതിന് ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകുന്നുണ്ട്. അനുമതി നിരസിച്ചു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.6 കൊല്ലം ജില്ലാ പഞ്ചായത്ത്

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.01.2019-ലെ കത്ത് (SRG 89/19 CC - 70/19)**

***പ്രോ.നം. 509/19 അടങ്കൽ 34,00,000/- രൂപ***

***പേര് :- ചിതറ കൈപ്പറ്റപ്പാലം നിർമ്മാണം***

ചിതറ പഞ്ചായത്തിൽ പാലവും അപ്രോച്ച് റോഡും ഇറിഗേഷൻ വകുപ്പു മുഖേന നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പാലത്തിന് 4.00 മീറ്റർ വീതിയും അപ്രോച്ച് റോഡിന് 4.50 മീറ്റർ വീതിയുമാണുള്ളത്. ജില്ലാ പഞ്ചായത്ത് എടുക്കുന്ന റോഡിന് കുറഞ്ഞത് 6 മീറ്റർ വീതി വേണമെന്ന നിബന്ധനയുമുണ്ട്. ഇതൊഴിവാക്കി നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** പാലത്തിനോട്ടു ചേർന്നുള്ള അപ്രോച്ച് റോഡ് ആയതിനാൽ പ്രത്യേക അനുമതി നൽകുന്നു. ഇറിഗേഷൻ വകുപ്പിന്റെ അനുമതിയോടെ തദ്ദേശ സ്വയം ഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം തന്നെ നിർമ്മാണം നടത്തേണ്ടതാണ്. ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പാക്കാവുന്നതല്ല.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.7 മൺറോതുരുത്ത് ഗ്രാമപഞ്ചായത്ത്

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.12.2018ലെ കത്തും മൺറോ തുരുത്ത് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14.11.2018-ലെ IV(4)-ാം നമ്പർ തീരുമാനവും**

***പ്രോ.നം. 107/19 അടങ്കൽ 6,50,000/- രൂപ***

***പേര് :- പരിസ്ഥിതി സൗഹൃദ ഭവനം***

വേലിയേറ്റ - വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിൽ ഭാരം കുറഞ്ഞതും ദീർഘകാലം ഈട്ടു നിൽക്കുന്നതും പരിസ്ഥിതിക്ക് അനുയോജ്യവുമായ പരിസ്ഥിതി സൗഹൃദ ഭവനം എന്ന ഒരു നൂതന പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ രൂപകൽപന കൊല്ലം TKM എഞ്ചിനീയറിംഗ് കോളേജാണ് തയ്യാറാക്കിയത്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം:-** ഒരു മാതൃക എന്ന നിലയിലായതിനാൽ (ഒരു ഭവനം മാത്രം) പ്രത്യേക അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.8 കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി

**കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ചെയർമാന്റെ 23.01.2019-ലെ കത്ത്**

കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയുടെ പരിധിയിൽ വരുന്ന കുന്നുമ്മൽ, തൂണേരി ബ്ലോക്ക് പഞ്ചായത്തുകളും അതിലുൾപ്പെടുന്ന പതിനാലു ഗ്രാമപഞ്ചായത്തുകളും കോഴിക്കോട് ജില്ലാ പഞ്ചായത്തുമായി ചേർന്നു കാർഷിക മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ സംഭരണവും വിപണനവും നടത്തുന്ന പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നു. ഇതിനായി ഗ്രാമപഞ്ചായത്തുകളും (14 എണ്ണം) ബ്ലോക്ക് പഞ്ചായത്തുകളും (2 എണ്ണം) 5.00 ലക്ഷം രൂപ വീതവും ജില്ലാ പഞ്ചായത്ത് 15.00 ലക്ഷം രൂപ വീതവും റിവോൾവിംഗ് ഫണ്ടായി കമ്പനിക്കു നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-**

1) കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയുടെ സേവന പരിധിയിൽ വരുന്ന കുന്നുമ്മൽ, തൂണേരി ബ്ലോക്ക് പഞ്ചായത്തുകളും അതിനുകീഴിൽ വരുന്ന ഗ്രാമ പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തും യോഗം ചേർന്ന് തീരുമാനമെടുക്കുകയും ഇതിനായി അനുയോജ്യമായ സംയുക്ത പ്രോജക്ട് തയ്യാറാക്കുകയും ചെയ്യുന്ന മുറയ്ക്ക് ഇതു നടപ്പാക്കാൻ അനുമതി നൽകുന്നു.
2) ഇതിനായി ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി പ്രത്യേക മോണിട്ടറിംഗ് സമിതി രൂപീകരി

ക്കകയും റിവോൾവിംഗ് ഫണ്ടിന്റെ ഉപയോഗ മടക്കമുള്ള കാര്യങ്ങൾ മോണിറ്ററിംഗ് നടത്തേണ്ടതു മാണ്.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.9 അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത്**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.12.2018 -ലെ PLG.220/18-19/DPC/DPO/തിരു.-CC നമ്പർ കത്തും അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 03.12.2018-ലെ BP2/275/2017/ATR നമ്പർ കത്തും**

***പ്രോ.നം 92/19 അടങ്കൽ 21,50,160/- രൂപ***

***പേര് - വയോജനങ്ങൾക്ക് കട്ടിൽ, പ്രഷർ/ഷുഗർ പരിശോധനാ ഉപകരണങ്ങൾ, മറ്റ് ഉപകരണങ്ങൾ***

2018-19 വാർഷിക പദ്ധതിയിൽ വയോജനങ്ങൾക്ക് കട്ടിൽ, പ്രഷർ-ഷുഗർ പരിശോധനാ ഉപകരണങ്ങൾ, നെബുലൈസറടക്കമുള്ള മറ്റ് ഉപകരണങ്ങൾ എന്നിവ നൽകാനുള്ള പ്രോജക്റ്റിന് പ്രത്യേക അനുമതി സംബന്ധിച്ച്.

**തീരുമാനം:-** അനുമതി നിരസിച്ചു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.10 പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത്**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.12.2018-ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 30.11.2018-ലെ യോഗ തീരുമാനവും ( SRG - 1227/18 CC 770/18)**

***പ്രോ.നം 136/19 അടങ്കൽ 1,79,779/- രൂപ***

***പേര് - സ്മാർട്ട് അംഗൻവാടി***

നിലവിൽ കെട്ടിടം പണി പൂർത്തിയാക്കി പ്രവർത്തനം നടന്നുവരുന്ന അങ്കണവാടിക്ക് കംപ്യൂട്ടർ, യു.പി.എസ്, ബേബി പെയിന്റിംഗ്സ്, കൂളർ, ഓഡിയോ സിസ്റ്റം ചെയർ/ടേബിൾ, ഇലക്ട്രിഫിക്കേഷൻ മുതലായവ നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനു തുക കൈമാറി പ്രോജക്റ്റ് നടപ്പാക്കാൻ 30.11.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം നിർദ്ദേശിച്ചിരുന്നു. ഇത് സ്പിൽ ഓവർ പ്രോജക്റ്റ് ആണ്. അതിനാൽ കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതി പ്രോജക്റ്റിൽ വരുത്താൻ കഴിയാത്തതുകൊണ്ട് പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിരുന്നതു പോലെ നേരിട്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** സ്പിൽഓവർ പ്രോജക്റ്റായതിനാൽ പ്രത്യേക അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.11 മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത്**

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.12.2018-ലെ കത്ത് ( SRG 1269/18-CC/759/18)**

***പ്രോ.നം 146/18 അടങ്കൽ 4,72,000/- രൂപ***

***പേര്:- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്***

2017-18-ൽ 16 ഗുണഭോക്താക്കൾക്ക് നൽകാനായി ലാപ് ടോപ് വാങ്ങി . 13 പേർ മാത്രമേ ശരിയായ രേഖകൾ നൽകിയുള്ളൂ. ശേഷിക്കുന്ന 3 ലാപ് ടോപ് 2018-19-ലെ ഗുണഭോക്തൃ ലിസ്റ്റിലുള്ളവർക്ക് നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.12 മുട്ടിൽ ഗ്രാമപഞ്ചായത്ത്**

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.12.20018-ലെ കത്ത് (SRG/1270/18 CC 755/18)**

***പ്രോ.നം 180/19 അടങ്കൽ 4,00,000/- ലക്ഷം രൂപ***

***പേര് – വൃദ്ധർക്ക് യൂറോപ്യൻ ക്ലോസറ്റ്***

വയോജനങ്ങൾക്ക് യൂറോപ്യൻ ക്ലോസറ്റ് നൽകുന്നതിനുള്ള പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് നടപ്പാക്കാൻ പ്രത്യേക അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** 1) അനുമതി നിരസിച്ചു.

2) ഇതേപോലെ 2,00,000/- രൂപ വകയിരുത്തി പട്ടികജാതി വിഭാഗത്തിലെ വൃദ്ധർക്കുള്ള പ്രോജക്റ്റും നടപ്പാക്കാവുന്നതല്ല.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.13 ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത്**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.12.2018-ലെ കത്ത് (SRG 1272/18 CC 782/18)**

***പ്രോ.നം 279/19 അടങ്കൽ 10,00,000/- രൂപ***

***പേര് – അങ്കണവാടി കെട്ടിട നിർമ്മാണത്തിന് ബ്ലോക്ക് പഞ്ചായത്തിനു വിഹിതം നൽകൽ***

ഉമ്മന്നൂർ ഗ്രാമപഞ്ചായത്തിൽ 5 അങ്കണവാടികൾ (നം. 5,19,34,36,32) വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് നിർമ്മിക്കുന്നുണ്ട്. ഇതിനായി 4.00 ലക്ഷം രൂപ വീതം ആകെ 20,00,000/- രൂപ ബ്ലോക്ക് പഞ്ചായത്തിന് ഗ്രാമപഞ്ചായത്ത് കൈമാറി. ഫണ്ട് അപര്യാപ്തമായതിനാൽ 10.00 ലക്ഷം രൂപ കൂടി അധികമായി വേണമെന്ന് ബ്ലോക്ക് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. അനുപൂരക പോഷകാഹാര പരിപാടിയിൽ കേന്ദ്ര വിഹിതമായി ലഭിച്ച 26,47,431/- രൂപ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ഉണ്ട്. ഇതിൽ 12,23,890/- രൂപ ഈ വർഷം പോഷകാഹാരത്തിന് മാറ്റി വച്ചു. ബാക്കി തുകയിൽ നിന്ന് 10,00,000/- രൂപ ബ്ലോക്ക് പഞ്ചായത്തിനു കൈമാറാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** അങ്കണവാടി കെട്ടിടം നിർമ്മിക്കേണ്ട ചുമതല ഗ്രാമപഞ്ചായത്തിനാണ്. ബ്ലോക്ക് പഞ്ചായത്തിനു തുക കൈമാറിയ രീതി ശരിയല്ല എന്നു യോഗം നിരീക്ഷിച്ചു. ഇതു സംബന്ധിച്ച വിശദീകരണം നൽകണം. അനുമതി പരിഗണിച്ചില്ല.

**നടപടി :- തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

## 4.14 ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത്

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.12.2018-ലെ കത്ത് (SRG 1273/18 CC781/18)**

***പ്രോ.നം.24/19 അടങ്കൽ 10,00,000/- രൂപ (SCP)***

***പേര്:- എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി***

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകുന്നതിന് മാർഗ്ഗരേഖ പ്രകാരം അഡ്വാൻസായി 50,000/- രൂപ നൽകാം. ഇത് 1,00,000/- രൂപയായി വർദ്ധിപ്പിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** 1) ആവശ്യം നിരസിച്ചു

2) ഗുണഭോക്താവിന് നിർമ്മാണം ബുദ്ധിമുട്ടാണെങ്കിൽ കുടുംബശ്രീയുടെ നിർമ്മാണ യൂണിറ്റിനെ ഏൽപ്പിക്കാവുന്നതാണ്.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.15 വെള്ളൂർ ഗ്രാമപഞ്ചായത്ത്

**കാസറഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.12.2018-ലെ കത്ത് (SRG 1277/18 CC - 773/18)**

പഞ്ചായത്തിൽ7,59,44,974/- രൂപയുടെ ജലനിധി പ്രോജക്ട് നടപ്പാക്കുന്നുണ്ട്. ഇതിന്റെ 15 ശതമാനം തുകയായ 1,13,91,746/- രൂപ ഗ്രാമപഞ്ചായത്ത് ജലനിധിക്ക് നൽകണം. കഴിഞ്ഞ വർഷങ്ങളിലായി 1,10,55,000/- രൂപ ജലനിധിക്ക് കൈമാറി. ശേഷിക്കുന്ന തുക 3,36,746/- രൂപ. ഈ തുക ജലനിധിയിലേയ്ക്കടയ്ക്കാൻ കാസറഗോഡ് സബ് ട്രഷറിയിൽ ബിൽ സമർപ്പിച്ചുവെങ്കിലും ജലനിധിക്ക് ഫണ്ട് ഡെപ്പോസിറ്റ് ചെയ്യാവുന്നതല്ല എന്ന കാരണത്താൽ ബിൽ മടക്കി. തുക ജലനിധിയിൽ ഡെപ്പോസിറ്റ് ചെയ്യാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** ഇതു സംബന്ധിച്ച് ആവശ്യമായ നിർദ്ദേശം ട്രഷറി ഡയറക്ടർ മുഖേന സബ്ട്രഷറിക്കു നൽകാമെന്ന് ധനവകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

**നടപടി :- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

## 4.16 ഏഴംകുളം ഗ്രാമപഞ്ചായത്ത്

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.01.19 ലെ കത്ത് (SRG-138/19. CC 102/19))**

***പ്രോ.നം 126/19 അടങ്കൽ 32,00,000/- രൂപ***

***(വികസനഫണ്ട് - 22,00,000/- രൂപ***

***ബ്ലോക്ക് വിഹിതം - 10,00,000/-രൂപ)***

***പേര് - എം.എൻ.ലക്ഷം വീട് ഇരട്ടവീട് ഒറ്റ വീടാക്കൽ (SCP)***

പഞ്ചായത്തിൽ 10 ഇരട്ടവീടുകൾ ഒറ്റ വീടാക്കുന്നതിനുള്ള പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** ലൈഫ് മിഷൻ ആദ്യഘട്ടത്തിലെ (ഭൂമിയുള്ള ഭവന രഹിതർ) ഗുണഭോക്താക്കളുടെ ഭവന നിർമ്മാണ പദ്ധതിക്ക് മുടക്കം ഉണ്ടാകരുതെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.17 ഏഴംകുളം ഗ്രാമപഞ്ചായത്ത്

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.01.19 ലെ കത്ത് (SRG-137/19. CC 102/19))**

***പ്രോ.നം 120/19*** ***അടങ്കൽ 31,00,000/- രൂപ***

***(വികസനഫണ്ട് - 2,20,000/-രൂപ***

***ബ്ലോക്ക് വിഹിതം - 5,00,000/-രൂപ***

***ജില്ലാപഞ്ചായത്ത് വിഹിതം 11,00,000/- രൂപ***

***തനത് ഫണ്ട് 12,80,000/- രൂപ)***

***പേര് - എം.എൻ.ലക്ഷം വീട് ഇരട്ടവീട് ഒറ്റവീടാക്കൽ (ജനറൽ)***

പഞ്ചായത്തിൽ 10 ഇരട്ട വീടുകളെ ഒറ്റ വീടാക്കുന്നതിനുള്ള പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു നടപ്പാക്കാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം:-** ലൈഫ് മിഷൻ ആദ്യഘട്ടത്തിലെ (ഭൂമിയുള്ള ഭവന രഹിതർ) ഗുണഭോക്താക്കളുടെ ഭവന നിർമ്മാണ പദ്ധതിക്ക് മുടക്കം ഉണ്ടാകരുതെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.18 എറണാകുളം ജില്ലാ പഞ്ചായത്ത്

**എറണാകുളം ജില്ലാപ്ലാനിംഗ് ഓഫീസറുടെ 29.12.18 ലെ കത്തും ജില്ലാ പഞ്ചായത്തിന്റെ 17.12.18 ലെ DP3-4327/18-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 1278/18 CC.760/18)**

***പ്രോ.നം 491/18*** ***അടങ്കൽ 45,00,000/- രൂപ***

***പേര് - കായനാട് ലിഫ്റ്റ് ഇറിഗേഷൻ***

ജില്ലയിലെ മാറാടി ഗ്രാമപഞ്ചായത്തിൽ കായനാട് ലിഫ്റ്റ് ഇറിഗേഷൻ സ്കീമിനെ ആശ്രയിച്ച് സമീപപ്രദേശത്ത് കൃഷിക്കായി ജലസേചനസൗകര്യമൊരുക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി MLASDF- ൽ നിന്ന് പുതിയ മോട്ടോർ വാങ്ങി. ഈ മോട്ടോർ പ്രവർത്തിപ്പിക്കാൻ എച്ച്.റ്റി ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് 45.00 ലക്ഷം രൂപ മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന് ഡിപ്പോസിറ്റ് ചെയ്യാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടത് KSEB ആണ്. എന്നാൽ തുക മൈനർ ഇറിഗേഷൻ വകുപ്പിന് ഡെപ്പോസിറ്റ് ചെയ്യാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഇതിൽ വ്യക്തതയില്ല എന്ന് യോഗം നിരീക്ഷിച്ചു. പരിഗണിച്ചില്ല. വ്യക്തത വരുത്തി സമർപ്പിക്കണം.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.19 മുടക്കുഴ ഗ്രാമപഞ്ചായത്ത്

**എറണാകുളം ജില്ലാപ്ലാനിംഗ് ഓഫീസറുടെ 29.12.18 ലെ കത്തും (SRG 1280/18 CC.549/18)**

2009-10 വാർഷിക പദ്ധതിയിൽ എം.എൻ ലക്ഷം വീട് പുനർ നിർമ്മാണത്തിനു മാറ്റിവച്ച പദ്ധതി വിഹിതവും ഹൗസിംഗ് ബോർഡ് വിഹിതവും ഉൾപ്പടെ ആകെ 15.00 ലക്ഷം രൂപ ട്രഷറി എസ്.ബി. അക്കൗണ്ടിലുണ്ട്. ഈ പദ്ധതി ഉപേക്ഷിച്ചു. ഈ തുക ലൈഫ് PMAY പദ്ധതിക്ക് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** അനുമതി നൽകുന്നു

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.20 മുടക്കുഴ ഗ്രാമപഞ്ചായത്ത്

**എറണാകുളം ജില്ലാപ്ലാനിംഗ് ഓഫീസറുടെ 29.12.2018-ലെ കത്ത് (SRG 1281/18 CC 587/18**

***പ്രോ.നം.36/19*** ***അടങ്കൽ 10,40,000/- രൂപ***

***പേര്:- വീട് വാസയോഗ്യമാക്കൽ (SCP)***

വീട് വാസയോഗ്യമാക്കാനുള്ള ഗുണഭോക്തൃ ലിസ്റ്റിൽ ശ്രീ. ശിവരാജൻ, കരിയാട്ടിൽ എന്ന ആൾ ഉൾപ്പെട്ടിട്ടുണ്ട്. ഇയാളുടെ വീടിന് 7 വർഷത്തെ പഴക്കമേയുള്ളൂ. മാർഗ്ഗരേഖ പ്രകാരം 8 വർഷം കഴിഞ്ഞേ അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകാൻ കഴിയൂ. ധനസഹായം നൽകാൻ പ്രത്യേക അനുമതി സംബന്ധിച്ച്.

**തീരുമാനം:-** അനുമതി നിരസിച്ചു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.21 കുടുംബശ്രീ മിഷൻ

**കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 30.01.2019-ലെ കുറിപ്പും കോഓർഡിനേഷൻ കമ്മിറ്റിയുടെ 17.01.2019-ലെ സി.സി. തീരുമാനവും**

ലൈഫ് മിഷൻ അടക്കമുള്ള ഭവന നിർമ്മാണ പ്രോജക്ടുകളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് ഭവനങ്ങൾ നിർമ്മിച്ച് പൂർത്തീകരിക്കുവാൻ കഴിയാത്ത സാഹചര്യത്തിലോ ഗുണഭോക്താക്കൾ കുടുംബശ്രീ നിർമ്മാണ ഗ്രൂപ്പുകൾ മുഖാന്തിരം നിർമ്മിക്കാൻ താല്പര്യപ്പെടുന്ന സാഹചര്യത്തിലോ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലൈഫ് മിഷനടക്കമുള്ള ഭവന നിർമ്മാണ ചുമതല കുടുംബശ്രീ നിർമ്മാണ ഗ്രൂപ്പുകളെ ഏൽപ്പിക്കാവുന്നതാണെന്ന് കോഓർഡിനേഷൻ കമ്മിറ്റിയുടെ 17.01.2019-ലെ യോഗത്തിൽ തീരുമാനിച്ചിരുന്നു. ഗഡുക്കൾ കൈമാറുന്നത് സംബന്ധിച്ച തീരുമാനം പിന്നീട് അറിയിക്കുമെന്നാണ് തീരുമാനിച്ചിരുന്നത്.

കുടുംബശ്രീ ഭവന നിർമ്മാണ ഗ്രൂപ്പുകൾ വീട്ടു പണി ഏറ്റെടുക്കുന്ന സാഹചര്യത്തിൽ ഭവന നിർമ്മാണത്തിനാവശ്യമായ പദ്ധതി വിഹിതം ഗുണഭോക്താവിന്റെ

സമ്മതത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് കുടുംബശ്രീ ഭവന നിർമ്മാണ ഗ്രൂപ്പുകൾക്ക് നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച് .

**തീരുമാനം:-** ഗുണഭോക്താവിന്റെ സമ്മതം കൂടി വാങ്ങണമെന്ന നിബന്ധനയോടെ അനുവദനീയമായ ഗഡുക്കൾ കുടുംബശ്രീ ഭവന നിർമ്മാണ യൂണിറ്റുകൾക്ക് നേരിട്ടു നൽകാൻ അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.22 കോട്ടയം ജില്ലാ പഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.01.2019-ലെ കത്തും കോട്ടയം ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറിയുടെ 21.01.2019-ലെ KDSC/225/2019-ാം നമ്പർ കത്തും 31.12.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനവും (ഖണ്ഡിക** 4.20) (SRG 99/19/ CC 76/19)

***പ്രോ.നം.605/19 അടങ്കൽ 5,00,000/- രൂപ***

***(വികസന ഫണ്ട് - 4,78,819/- രൂപ)***

***(റോഡിതര മെയിന്റനൻസ് ഗ്രാന്റ് - 21,181/- രൂപ)***

***പേര്:- അയർക്കുന്നം ഡിവിഷനിൽ സ്കൂളുകളിൽ വോളിബാൾ, ബാസ്കറ്റ് ബാൾ, ഫുട്ബാൾ പരിശീലനം***

അയർക്കുന്നം ഡിവിഷനിലെ 7 മുതൽ 9 വരെയുള്ള ക്ലാസ്സുകളിലെ എല്ലാ എയ്ഡഡ് സർക്കാർ സ്കൂളുകളിലെ കുട്ടികൾക്കും, വോളിബാൾ, ബാസ്കറ്റ് ബാൾ, ഫുട് ബാൾ പരിശീലനത്തിന് അനുമതി ആവശ്യപ്പെട്ടിരുന്നു. ഈ പ്രദേശത്തെ സ്പോർട്സ് മികവ്, പ്രത്യേകത, മറ്റു സ്ഥാപനങ്ങൾ എന്നിവ സംബന്ധിച്ച് ജില്ലാ സ്പോർട്സ് കൗൺസിലിന്റെ റിപ്പോർട്ട് സഹിതം സമർപ്പിക്കാൻ 31.12.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം നിർദ്ദേശിച്ചിരുന്നു. ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറിയുടെ റിപ്പോർട്ട് സഹിതം അനുമതിക്ക് സമർപ്പിച്ചിരിക്കുന്നു. ഇതിന് അനുമതി സംബന്ധിച്ച്

**തീരുമാനം:-** 1) ഡിവിഷൻ തലത്തിലുള്ള പ്രോജക്ടുകൾ പരിഗണിക്കേണ്ടതില്ലെന്ന് 17.01.2019-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനിച്ചിരുന്നു.

2) സ്പോർട്സ് കൗൺസിൽ സെക്രട്ടറിയുടെ റിപ്പോർട്ടു പ്രകാരം ഈ പ്രദേശത്ത് സ്പോർട്സ് സംബന്ധിച്ച പ്രത്യേക സ്ഥാപനങ്ങളോ മറ്റു മേന്മകളോ ഇല്ല. അനുമതി നിരസിച്ചു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.23 കോട്ടയം ജില്ലാ പഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.01.2019-ലെ കത്തും കോട്ടയം ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറി യുടെ 21.01.2019-ലെ KSSC/225/2019-ാം നമ്പർ കത്തും 31.12.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനവും (ഖണ്ഡിക 4.43) (SRG 98/19/ CC 77/19)**

*പ്രോ.നം.606/19* *അടങ്കൽ 4,90,000/- രൂപ*

*പേര്:- അയർക്കുന്നം ഡിവിഷനിലെ വിവിധ സ്കൂളുകളിൽ സ്പോർട്സ് കിറ്റും, അമയന്നൂർ ഹൈസ്കൂളിന് ലോംഗ്ജംപ് പിറ്റും*

അയർക്കുന്നം ഡിവിഷനിലെ വിവിധ സ്കൂളുകളിലേയ്ക്ക് സ്പോർട്സ് കിറ്റും ( 2 സർക്കാർ സ്കൂളും 4 എയ്ഡഡ് സ്കൂളും) അമയന്നൂർ സ്കൂളിന് (എയ്ഡഡ്) ലോംഗ്ജംപ് പിറ്റും നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരുന്നു. ഈ പ്രദേശത്തെ സ്പോർട്സ് മികവ്, പ്രത്യേകത മറ്റ് സ്ഥാപനങ്ങൾ ഇവ സംബന്ധിച്ച് ജില്ലാ സ്പോർട്സ് കൗൺസിലിന്റെ റിപ്പോർട്ട് സഹിതം സമർപ്പിക്കാൻ കോഓർഡിനേഷൻ കമ്മിറ്റിയുടെ 31.12.2018-ലെ യോഗം നിർദ്ദേശിച്ചിരുന്നു. ജില്ലാ സ്പോർട്സ് കൗൺസിലിന്റെ റിപ്പോർട്ട് സഹിതം അനുമതിക്കായി സമർപ്പിച്ചി രിക്കുന്നു. അനുമതി സംബന്ധിച്ച്.

**തീരുമാനം:-** 1) ഡിവിഷൻ തലത്തിലുള്ള പ്രോജക്ടുകൾ പരിഗണി ക്കേണ്ടതില്ലെന്ന് 17.01.2019-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനിച്ചിരുന്നു.

2) സ്പോർട്സ് കൗൺസിൽ സെക്രട്ടറിയുടെ റിപ്പോർട്ടു പ്രകാരം ഈ പ്രദേശത്ത് സ്പോർട്സ് സംബന്ധിച്ച പ്രത്യേക സ്ഥാപനങ്ങളോ മറ്റു മേന്മകളോ ഇല്ല. അനുമതി നിരസിച്ചു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.24 പെരിഞ്ഞനം ഗ്രാമപഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.12.2018-ലെ കത്ത് (SRG 1261/18/CC -750/18)**

*പ്രോ.നം.147/19* *അടങ്കൽ 6,50,000/- രൂപ*

*പേര്:- സാധുക്കളായ വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം*

ജനറൽ വിഭാഗത്തിൽപ്പെടുന്ന വിധവകളായവരുടെ പെൺമക്കൾക്ക് വിവാഹ ധനസഹായത്തിന് പ്രോജക്ട് ഈ വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാർഗ്ഗരേഖയിൽ ഇത് ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രത്യേക അനുമതി സംബന്ധിച്ച്.

**തീരുമാനം:-** പ്രത്യേക അനുമതി നൽകുന്നു. 30,000/- രൂപ നിരക്കിൽ നൽകാവുന്നതാണ്.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.25 കാലടി ഗ്രാമപഞ്ചായത്ത്**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.12.2018-ലെ കത്ത് (SRG - 1282/18 CC - 574/18)**

***പ്രോ.നം.79/19 അടങ്കൽ 8,00,000/- രൂപ***

***പേര്:- ലക്ഷം വീട് ഒറ്റ വീടാക്കൽ (SCP)***

എം.എൻ ഭവന പദ്ധതിയിലെ ഇരട്ട വീടുകൾ ഒറ്റ വീടാക്കുന്നതിന് പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** ലൈഫ് മിഷൻ ആദ്യഘട്ടത്തിലെ (ഭൂമിയുള്ള ഭവന രഹിതർ) ഗുണഭോക്താക്കളുടെ ഭവന നിർമ്മാണ പദ്ധതിക്ക് മുടക്കം ഉണ്ടാവരുതെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.26 കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.01.2019-ലെ കത്തും കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 01.08.2018 -ലെ 1(1)-ാം നമ്പർ ഭരണസമിതി തീരുമാനവും**

***പ്രോ.നം.119/19 അടങ്കൽ 2,00,000/- രൂപ (തനത് ഫണ്ട്)***

***പേര്:- ഗ്രന്ഥശാലകളുടെ അടിസ്ഥാന സൗകര്യ വിപുലീകരണം.***

ഗ്രന്ഥശാലകളുടെ അടിസ്ഥാന വികസനത്തിന്റെ ഭാഗമായി ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള രണ്ടു വായനശാലകൾക്ക് LCD പ്രോജക്ടറുകൾ വാങ്ങി നൽകി. ഇതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** LCD പ്രോജക്ടറുകൾ വാങ്ങി നൽകിയ നടപടിക്ക് സാധൂകരണം നൽകുന്നു. എന്നാൽ മറ്റു നടപടിക്രമങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമായിരിക്കും.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.27 തിരുവില്വാമല ഗ്രാമപഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.12.2018-ലെ കത്തും തിരുവില്വാമല ഗ്രാമപഞ്ചായത്തിന്റെ 10.08.2018-ലെ ഭരണസമിതിയുടെ 21(4) -നമ്പർ തീരുമാനവും**

2012-13, 2013-14 വർഷങ്ങളിലായി എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് (പ്രോ.നം.192/13,192/14) പട്ടികജാതി പരിശീലന കേന്ദ്രം എന്ന പ്രോജക്ട് നടപ്പാക്കുകയും കെട്ടിട നിർമ്മാണം നടത്തുകയും ചെയ്തു. ഇതിനായി 49,74,712/- രൂപ ചെലവഴിച്ചു. ഈ കെട്ടിടം ഉപയോഗിക്കാതെ കിടക്കുകയാണ്. ഈ കെട്ടിടത്തിൽ പഞ്ചായത്തിന്റെ ആയുർവേദ ആശുപത്രിയും ഹോമിയോ ആശുപത്രിയും പ്രവർത്തിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** എസ്.സി.പി. ഫണ്ട് ഉപയോഗിച്ച നിർമ്മിച്ച കെട്ടിടം ഇപ്രകാരം ഉപയോഗിക്കുന്നത് അഭികാമ്യമല്ല എങ്കിലും തൽക്കാലത്തേയ്ക്ക് (ഹ്രസ്വകാലത്തേയ്ക്ക് മാത്രമായി) ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ അനുമതി നൽകുന്നു. എത്രയുംവേഗം ഈ കെട്ടിടം പട്ടികജാതി വിഭാഗത്തിന് ഉപയോഗിക്കാൻ സാധിക്കുന്ന തിനുള്ള പദ്ധതി നടപ്പാക്കണം.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.28 പറക്കോട് ബ്ലോക്ക് പഞ്ചായത്ത്**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫസറുടെ 11.01.2019-ലെ കത്ത് ഇതേ തീയതിയിലെ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ R01- 415/18/DPC/DPO/PTA നമ്പർ കത്തും ( SRG 6/19 CC754/18)**

***പ്രോ.നം.74/19*** ***അടങ്കൽ 85,48,020/- രൂപ***
***(വികസനഫണ്ട് 64,00,000/-രൂപ)***
***ഗുണഭോക്തൃ വിഹിതം - 21,48,020/- രൂപ)***

***പേര്:- കാട്ടു മൃഗങ്ങളിൽ നിന്നും വിള സംരക്ഷണം***

2018-19-ലെ വാർഷിക പദ്ധതിയിൽ ടിൻഷീറ്റ് കെട്ടി വിളസംരക്ഷിക്കുന്ന ഈ പ്രോജക്ട് പരീക്ഷണാർത്ഥം ബ്ലോക്ക് പരിധിയിലെ ഏതെങ്കിലും ഒരു പഞ്ചായത്തിൽ നടപ്പാക്കാനും വിജയപ്രദമാണെങ്കിൽ മറ്റു പഞ്ചായത്തുകളിൽ കൂടി വ്യാപിപ്പിക്കാനും കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2018-ലെ യോഗം അനുമതി നൽകിയിരുന്നു. കലഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ ഇതു നടപ്പാക്കിയെന്നും വിജയപ്രദമാണെന്നും പത്തനംതിട്ട ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. അതിനാൽ മറ്റു പഞ്ചായത്തിലും നടപ്പാക്കാവുന്നതാണെന്നും ശുപാർശ ചെയ്തിട്ടുണ്ട്. മറ്റു പഞ്ചായത്തിൽ കൂടി നടപ്പാക്കാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം:-** അനുമതി നൽകുന്നു. ഇതിന്റെ കാര്യക്ഷമത നിർവഹണ ഉദ്യോഗസ്ഥർ ഉറപ്പു വരുത്തണം.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.29 ഉടുമ്പൻചോല ഗ്രാമ പഞ്ചായത്ത്**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.01.2019-ലെ കത്തും ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17.1.2018-ലെ 1(6)-ാം നമ്പർ തീരുമാനവും**

***പ്രോ.നം.64/19*** ***അടങ്കൽ 33,60,000/- രൂപ***
***(വികസനഫണ്ട് 25,20,000/-രൂപ)***
***ഗുണഭോക്തൃ വിഹിതം - 8,40,000/- രൂപ)***

***പേര്:- ജൈവവള വിതരണം***

ജൈവവള വിതരണത്തിനുവേണ്ടിയുള്ള ഈ പ്രോജക്ട് പട്ടയം ഉള്ളവരും ഇല്ലാത്തവരുമായ ഗുണഭോക്താക്കൾക്ക് വേണ്ടി നടപ്പാക്കാനാണ് തയ്യാറാക്കി യിരിക്കുന്നത്. പട്ടയം ഇല്ലാത്തവർക്കും ജൈവവളത്തിനു ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** അനുമതി നൽകുന്നു. മറ്റു നിബന്ധനകൾ പാലിക്കണം.കൃഷി ചെയ്യുന്നുണ്ടോ എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.30 Kerala State Development Corporation for SC and ST Ltd.**

**KSDC for SC & ST ചെയർമാന്റെ കത്ത് (ലഭിച്ചത് 13.12.2018) ( LSGD - DB4/109/2018/LSGD SRG 120/19)**

10.09.2014-ലെ 2368/14 തസ്വഭവ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകുന്ന ഭവനങ്ങൾ പണയപ്പെടുത്തി ഷെഡ്യൂൾഡ് ബാങ്കുകൾ പൊതുമേഖലാ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, എന്നിവിടങ്ങളിൽ നിന്ന് വായ്പയെടുക്കുന്നതിന് അനുവദിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങളോടൊപ്പം കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനെ കൂടി ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** 10.09.2014-ലെ 2368/14 തസ്വഭവ ഉത്തരവ് ഇപ്രകാരം ഭേദഗതി ചെയ്യാൻ നിർദ്ദേശിക്കുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.31 അത്തോളി ഗ്രാമപഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.01.2019-ലെ കത്ത് (SRG 54/19 CC 237/18)**

***പ്രോ.നം.37/19*** ***അടങ്കൽ 3,92,000/- രൂപ***

***പേര്:- ശുചിത്വ ശുചിമുറി***

പൊട്ടിപ്പൊളിഞ്ഞതും ഉപയോഗയോഗ്യമല്ലാത്തതുമായ ടൊയ് ലറ്റുകൾ റിപ്പയർ ചെയ്യുന്നതിന് അനുമതി സംബന്ധിച്ച്

**തീരുമാനം:-** പൊതു തീരുമാനം ഖണ്ഡിക 3.4 പ്രകാരം നടപടി സ്വീകരിക്കണം

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.32 തിരുവനന്തപുരം കോർപ്പറേഷൻ**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.01.2019-ലെ കത്തും തിരുവനന്തപുരം കോർപ്പറേഷൻ മേയറുടെ 23.01.2019-ലെ കത്തും തുടർന്ന് 01.02.2019 ൽ HREDC ഡയറക്ടർ നൽകിയ കുറിപ്പും**

***(i) കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്റർ , പാളയം***

നഗരസഭയുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്ന ഈ സ്ഥാപനത്തിൽ IHRD, മറ്റു സർക്കാർ സ്ഥാപനങ്ങൾ എന്നിവർ നടത്തുന്ന അംഗീകൃത കോഴ്സുകൾക്ക് ഇവിടെ പരിശീലനം നൽകുന്നുണ്ട്. ഇവർക്കുള്ള അംഗീകൃത ഫീസ് വികസന ഫണ്ടിൽ നിന്നും നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** സർക്കാർ അംഗീകരിച്ച നിരക്കിൽ SC/ST വിഭാഗത്തിന് 100 ശതമാനവും പൊതു വിഭാഗത്തിന് പരമാവധി 75 ശതമാനവും നൽകാൻ അനുമതി നൽകുന്നു.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

***(ii) റിപ്രോഗ്രാഫിക് സെന്റർ - പാളയം***

ഈ സ്ഥാപനത്തിൽ എല്ലാവിധ പ്രിന്റിംഗ് അനുബന്ധ പ്രവൃത്തികളും നടത്തുന്നു. സർക്കാർ, മറ്റു സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ എന്നിവയുടെ ഇത്തരം പ്രവൃത്തികൾ ടെണ്ടർ കൂടാതെ ഈ സ്ഥാപനത്തെ ഏൽപ്പിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** ഇതിന്മേൽ സ്റ്റോർ പർച്ചേസ് വകുപ്പിന്റെ അഭിപ്രായം കൂടി ആരാഞ്ഞ് പരിഗണനയ്ക്കായി സമർപ്പിക്കാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

***(iii) കണ്ണമ്മൂല, വനിത ഐ.ടി. പാർക്ക്***

ഇവിടെ വിവിധ ഡാറ്റാഎൻട്രി വർക്കുകളും, പ്രോജക്ട് വർക്കുകളും പരിശീലന പരിപാടികളും നടത്തുന്നു. കൂടുതൽ പേർക്ക് തൊഴിൽ നൽകുന്നതിനുവേണ്ടി ജനകീയാസൂത്രണം/ കുടുംബശ്രീ തുടങ്ങിയ മേഖലകളിൽ ഉൾപ്പെട്ട ഡേറ്റാ എൻട്രി വർക്കുകൾ ഈ സ്ഥാപനം വഴി ടെണ്ടർ നടപടി കൂടാതെ നടത്താൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** ഇതിന്മേൽ സ്റ്റോർ പർച്ചേസ് വകുപ്പിന്റെ അഭിപ്രായം കൂടി ആരാഞ്ഞ് പരിഗണനയ്ക്കായി സമർപ്പിക്കാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.33 വിളക്കുടി ഗ്രാമപഞ്ചായത്ത്**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.11.2018-ലെ കത്തും വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ 10.10.2018-ലെ 3(7)-ാം നമ്പർ ഭരണസമിതി തീരുമാനവും**

***പ്രോ.നം.242 /19*** ***അടങ്കൽ 15,40,000/- രൂപ***
***(വികസനഫണ്ട് - 3,40,000/- രൂപ***
***ശുചിത്വ മിഷൻ വിഹിതം - 12,00,000/- രൂപ***

***പേര്:- കക്കൂസ് നിർമ്മാണം (SCP)***

കക്കൂസ് നിർമ്മാണത്തിന് 2015-16 വർഷത്തിൽ പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. 25 പേർക്ക് 3,400/- രൂപ വീതമായി ഒന്നാം ഗഡു നൽകി. ശേഷിക്കുന്ന ഗഡുക്കൾ കൂടി നൽകാൻ 3,00,000/- രൂപ വേണം. പ്രതീക്ഷിച്ച ശുചിത്വ മിഷൻ വിഹിതം ലഭിച്ചില്ല. SCP വിഹിതത്തിൽ സേവിംഗ്സ് തുകയുണ്ട്. ഈ തുക ഉപയോഗിച്ച് എഗ്രിമെന്റ് വച്ച 25 പേർക്ക് അവസാന ഗഡു നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം:-** അനുമതി നൽകുന്നു

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.34 ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.12.2018-ലെ കത്തും ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17.11.2018-ലെ 1(7)-ാം നമ്പർ തീരുമാനവും**

***പ്രോ.നം.64 /19*** ***അടങ്കൽ 33,60,000/- രൂപ***

***പേര്:- ജൈവവളം വിതരണം***

സഹകരണ സംഘങ്ങളിൽ നിന്നും രാസവളങ്ങൾ വാങ്ങാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. (30.07.2018-ലെ ഡി.എ1 553/18 തസ്വഭവ നമ്പർ സർക്കുലർ) സഹകരണ സംഘങ്ങളിൽ ജൈവവളമുള്ളതിനാൽ ഇത്തരം സംഘങ്ങളിൽ നിന്നു ടെണ്ടർ കൂടാതെ വാങ്ങാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** അനുമതി നിരസിച്ചു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.35 പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.01.2019-ലെ കത്ത് (SRG 37/19 CC768/18)**

***പ്രോ.നം.66 /19*** ***അടങ്കൽ 46,00,000/- രൂപ***
***(CFC - 43,50,000/- രൂപ***
***തനത്ഫണ്ട് - 2,50,000/- രൂപ)***

***പേര്:- കക്കൂസ് മെയിന്റനൻസ് (ജനറൽ)***

പഞ്ചായത്തിലെ പല കക്കൂസുകളുടേയും ഡൈജസ്റ്റർ ഭാഗം വെള്ളക്കെട്ട് മൂലം ഉപയോഗ ശൂന്യമായി. വൈപ്പിൻ പ്രദേശത്തെ വെള്ളക്കെട്ടുള്ള പഞ്ചായത്തായതിനാൽ കക്കൂസ് മെയിന്റനൻസിനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** 1) വൈപ്പിൻ പ്രദേശത്തെ പഞ്ചായത്തായതിനാൽ പ്രത്യേക അനുമതി നൽകുന്നു

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.36 മംഗലം ഗ്രാമപഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.01.2019-ലെ കത്ത് ( SRG 24/09 - CC/672/18)**

***പ്രോ.നം.90 /19*** ***അടങ്കൽ 2,00,000/- രൂപ***

***പേര്:- കൗമാരക്കാരായ പെൺകുട്ടികൾക്ക് വിളർച്ചയ്ക്ക് ആയുർവേദ മരുന്ന് വാങ്ങി നൽകൽ***

കൗമാരക്കാരായ പെൺകുട്ടികൾക്ക് നേരിട്ട് മരുന്നു വാങ്ങി നൽകുന്നതിനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** അനുമതി നിരസിച്ചു. ആവശ്യമുള്ള മരുന്ന് ആയുർവേദ ആശുപത്രിക്ക് വാങ്ങി നൽകി പരിശോധനയുടെ അടിസ്ഥാനത്തിൽ ആശുപത്രി മുഖേന നൽകാൻ നിർദ്ദേശിക്കുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.37 മംഗലം ഗ്രാമപഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.01.2019-ലെ കത്ത് ( SRG 25/09 - CC/670/18)**

***പ്രോ.നം.19/19 അടങ്കൽ 2,00,000/- രൂപ***

***പേര്:- പാലിയേറ്റീവ് പരിരക്ഷ രോഗികൾക്ക് ആയുർവേദ മരുന്ന വാങ്ങൽ***

പാലിയേറ്റീവ് രോഗികൾക്ക് ആവശ്യമുള്ള മരുന്ന് വാങ്ങി നേരിട്ട് നൽകുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം:-** ഇത്തരം രോഗികൾക്ക് ആവശ്യമുള്ള മരുന്ന് ആയുർവേദ ആശുപത്രികളിൽ ശേഖരിച്ച് ഡോക്ടറുടെ നേതൃത്വത്തിൽ നൽകുന്ന രീതി അവലംബിക്കാൻ നിർദ്ദേശിക്കുന്നു

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.38 മണലൂർ ഗ്രാമപഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.01.2019-ലെ കത്ത് (SRG 27/19 CC 21/19)**

***പ്രോ.നം.114/19 അടങ്കൽ 50,00,000/- രൂപ***
***(തനത് ഫണ്ട് 10,00,000/- രൂപ***
***ജില്ലാ പഞ്ചായത്ത് വിഹിതം 40,00,000/- രൂപ)***

***പേര്:- ഗവ.ഐ.ടി.ഐയ്ക്ക് സ്ഥലം വാങ്ങൽ***

2013-ൽ സർക്കാർ അനുമതിയോടെ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് സ്ഥലം ഗവ.ഐ.ടി.ഐ ആരംഭിക്കുന്നതിന് കൈമാറിയിരുന്നു. ഈ ഐ.ടി.ഐ.യ്ക്ക് നാഷണൽ കൗൺസിൽ ഓഫ് വൊക്കേഷണൽ ട്രെയിനിംഗ് സെന്ററിന്റെ അനുമതി ലഭിക്കണമെങ്കിൽ 1.8 ഏക്കർ സ്ഥലം വേണ്ടതിനാൽ ഐ.ടി.ഐയ്ക്ക് വേണ്ടി 1.52 ഏക്കർ സ്ഥലം വാങ്ങി നൽകുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം:-** പ്രത്യേക അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

**4.39 പഞ്ചായത്ത് ഡയറക്ടറുടെ 07.01.2019-ലെ കത്തും കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ചെയർമാന്റെ 29.08.2018-ലെ കത്തും (LSGD - DA1/664/2018 - LSGD - SRG 121/19)**

04.02.2013-ലെ 301/2013/തസ്വഭവ ഉത്തരവ് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ പുതുതായി ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് 5 വർഷത്തെ വാടക രഹിത കെട്ടിടവും രണ്ടാമത് ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് അതു പ്രവർത്തിക്കുന്ന മുഴുവൻ കാലത്തേയ്ക്കും വാടക രഹിത കെട്ടിടവും കമ്പ്യൂട്ടറിനും ഫർണിഷിംഗിനുമായി ഒരു ലക്ഷം രൂപയും അതതു തദ്ദേശഭരണ സ്ഥാപനം ഒടുക്കുന്നതിന് അനുമതി നൽകിയിരുന്നു. സർക്കാർ ഉത്തരവിൽ താഴെപ്പറയുന്നവ കൂടി ഉൾപ്പെടുത്തി ഭേദഗതി വരുത്തണമെന്ന ആവശ്യം സംബന്ധിച്ച്

(i) തദ്ദേശഭരണ സ്ഥാപനത്തിൽ രണ്ടാമതായോ മൂന്നാമതായോ, ആരംഭിക്കാനുദ്ദേശിക്കുന്ന മാവേലിസ്റ്റോറുകൾകൾക്ക് നിലവിലെ നിബന്ധനയായ 500

ചതുരശ്ര അടി എന്നതിനു പകരം 700 ചതുരശ്ര അടി വിസ്തീർണ്ണമുള്ള അനുയോജ്യമായ കെട്ടിടം ആജീവനാന്തം വാടക രഹിതമായി നൽകണം.

(ii) ഫർണിഷിംഗിനും കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികൾക്കുമായി 1.00 ലക്ഷം രൂപ എന്നതിനു പകരം 3.00 ലക്ഷം രൂപ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനം അനുവദിക്കണം

**തീരുമാനം:-** 1) തദ്ദേശഭരണ സ്ഥാപനത്തിൽ രണ്ടാമതായി ആരംഭിക്കാനുദ്ദേശിക്കുന്ന മാവേലി സ്റ്റോറുകൾക്ക് നിലവിലെ നിബന്ധനയായ 500 ചതുരശ്ര അടി എന്നതിനു പകരം 700 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള അനുയോജ്യമായ കെട്ടിടം 5 വർഷംവരെ വാടക രഹിതമായി നൽകാൻ അനുമതി നൽകുന്നു. രണ്ടിലധികം മാവേലിസ്റ്റോറുകൾ ആരംഭിക്കുന്നതിന് വാടക രഹിതമായി കെട്ടിടം നൽകേണ്ടതില്ല.

2) ഫർണിഷിംഗിനും കമ്പ്യൂട്ടർ അനുമബന്ധ സാമഗ്രികൾക്കുമായി നിലവിലെ നിരക്കായ 1.00 ലക്ഷം രൂപ മാത്രം തദ്ദേശഭരണ സ്ഥാപനം നൽകിയാൽ മതി. മാവേലിസ്റ്റോറുകൾ കുടുംബശ്രീ ഉല്പന്നങ്ങൾ കൂടി വയ്ക്കുന്നത് പരിഗണിക്കണം.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.40 പുലാമന്തോൾ ഗ്രാമപഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.01.2019-ലെ കത്ത് ( SRG 30/19 CC 28/19)**

പുലാമന്തോൾ പഞ്ചായത്തിൽ 3-ാം വാർഡിൽ താമസക്കാരിയായ ശ്രീമതി. അയിഷ മൂസക്കുട്ടി, ചെമ്മല ഹൗസ് എന്നയാൾ ലൈഫ് ഭവന പദ്ധതി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. അപേക്ഷ നൽകിയപ്പോൾ ഇവർ സഹോദരന്റെ റേഷൻ കാർഡിലാണ് (നം.2053006144) ഉൾപ്പെട്ടിരുന്നത്. 21.06.2018-ൽ പുതിയ റേഷൻ കാർഡ് കിട്ടി (നം.2053132160) ഇവർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.41 തുറവൂർ ഗ്രാമപഞ്ചായത്ത്**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.01.2019-ലെ കത്തും തുറവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 28.12.2018-ലെ A3-100/18-ാം നമ്പർ കത്തും.**

***പ്രോ.നം.6/19*** ***അടങ്കൽ 17,05,000/- രൂപ***

***പേര്:- പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി ( SCP)***

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനുള്ള ഗുണഭോക്തൃ ലിസ്റ്റിൽ ശ്രീ. രാജീവ്,കുമ്പളത്താൻ എന്നയാളുടെ മകൻ ഉൾപ്പെട്ടിട്ടുണ്ട്. ഈ കുട്ടി. CBSC

പ്രൈവറ്റ് സ്കൂളിൽ 1-ാം ക്ലാസ്സിലാണ് പഠിക്കുന്നത്. ഈ കുട്ടിക്കു പഠനമുറിയ്ക്ക് ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം:-** പ്രത്യേക അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.42 തുറവൂർ ഗ്രാമപഞ്ചായത്ത്**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.01.2019-ലെ കത്ത് (SRG 34/19 - CC733/18)**

***പ്രോ.നം.6/19*** ***അടങ്കൽ 17,25,000/- രൂപ***

***പേര്:- പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി***

പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതിയിലെ ചില ഗുണഭോക്താക്കൾ കനാൽ പുറമ്പോക്കു നിവാസികളാണ്. ഇവർക്ക് കരം അടച്ച രസീത്, കൈവശാവകാശ സർട്ടിഫിക്കറ്റ് , ഓണർഷിപ്പ് സർട്ടിഫിക്കറ്റ് തുടങ്ങിയവ ഹാജരാക്കാൻ നിർവാഹമില്ല. അതിനാൽ താമസ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പഠനമുറിക്ക് ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** ഇതിന്മേൽ തീരുമാനമെടുക്കാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.43 വടക്കേക്കര ഗ്രാമപഞ്ചായത്ത്**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.01.2019-ലെ കത്ത് (SRG 35/19 - CC 520 /18)**

***പ്രോ.നം.118/19*** ***അടങ്കൽ 9,00,000/- രൂപ (വികസനഫണ്ട്)***

***പേര്:- കക്കൂസ് പുനരുദ്ധാരണം***

ജനകീയാസൂത്രണ പദ്ധതിയുടെ ആദ്യഘട്ടത്തിൽ പഞ്ചായത്തിന്റെ ധനസഹായത്തോടെ നിർമ്മിച്ച പല കക്കൂസുകളും റ്റ പിറ്റ് രീതിയിലുള്ളവയാണ്. ഇതിന്റെ ഡൈജസ്റ്ററും മറ്റും തകർന്നു പോയിട്ടുണ്ട്. ഇവയുടെ അറ്റകുറ്റപ്പണി നടത്താൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** പൊതു തീരുമാനം ഖണ്ഡിക 3.4 പാലിച്ച് സമർപ്പിക്കണം

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.44 ഇടുക്കി ജില്ലാ ആസൂത്രണ സമിതി**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.01.2019-ലെ 370/18/DPC/DPO/IDK - (2) -ാം നമ്പർ കത്തും ഇടുക്കി ജില്ലാ ആസൂത്രണസമിതിയുടെ 31.12.2018-ലെ 3-ാം നമ്പർ യോഗ തീരുമാനവും**

വണ്ടൻമേട് ഗ്രാമപഞ്ചായത്തിന്റെ പാലിന് സബ്സിഡി എന്ന പ്രോജക്ട് (പ്രോ.നം. 118/19 - അടങ്കൽ 27.00 ലക്ഷം രൂപ) വെറ്റിംഗ് നടത്തുന്നതിന് അനാവശ്യമായ കാലതാമസം വരുത്തിയതിനാൽ പ്രോജക്ട് നടപ്പാക്കാൻ കഴിയുന്നില്ല. ഇതിനു വീഴ്ച വരുത്തിയത് കട്ടപ്പന ബ്ലോക്ക് ഡയറി ഫാം ഇൻസ്ട്രക്ടറും കട്ടപ്പന ബ്ലോക്ക് DEOയും ആണ്. ഇതു പരിഹരിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** ജില്ലാ ആസൂത്രണസമിതി തലത്തിൽ മെമ്പർ സെക്രട്ടറികൂടിയായ ജില്ലാ കളക്ടർ നടപടി സ്വീകരിക്കേണ്ട വിഷയമാണ്. ഇത്തരം വിഷയങ്ങൾ കോഓർഡിനേഷൻ കമ്മിറ്റിക്ക് നൽകേണ്ടതില്ലെന്നു നിർദ്ദേശിക്കുന്നു. ആവശ്യമായ നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടറോട് നിർദ്ദേശിക്കുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.45 ആനക്കയം ഗ്രാമപഞ്ചായത്ത്**

**പഞ്ചായത്ത് ഡയറക്ടറുടെ 15.10.2018-ലെ F2 - 28380/18-ാം നമ്പർ കത്തും ആനക്കയം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 15.06.2016-ലെ A - 4676/16-ാം നമ്പർ കത്തും (LSGD - DA2/559/18/LSGD)**

ആനക്കയം പഞ്ചായത്തിന്റെ 2015-16 വർഷത്തെ പദ്ധതിയിൽ ഉൾപ്പെട്ട ആയുർവേദ ഡിസ്പെൻസറി മെയിന്റനൻസ് പദ്ധതിക്ക് റോഡിതര മെയിന്റനന്സ് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനു പകരം റോഡ് മെയിന്റനൻസ് ഫണ്ടിൽ നിന്നും ട്രഷറിയിൽ നിന്നും തുക പിൻവലിച്ചു. (88,458/- രൂപ) ഈ അപാകത പരിഹരിക്കാൻ സുലേഖയിൽ ക്രമീകരണം ചെയ്യണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** നടപടിക്രമത്തിലെ ഈ പിഴവ് വകുപ്പുതലത്തിൽ പരിശോധിച്ച് പരിഹരിക്കാൻ നിർദ്ദേശിക്കുന്നു

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.46 കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ**

**കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 20.12.2018-ലെ P2/2924/KSSM(2) നമ്പർ കത്ത്.**

കേരളത്തിൽ ഏകദേശം 2000 കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റുകൾ ചെയ്തിട്ടുണ്ട്. ഇതു പ്രവർത്തനക്ഷമമായി നിലനിർത്തുന്നതിന് രക്ഷകർത്തക്കൾക്ക് വർഷംതോറും വലിയ ചെലവു വരുന്നുണ്ട്. അതിനാൽ റിപ്പയർ ചെയ്യാൻ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഈ വിഷയം 05.09.2018-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ ചർച്ച ചെയ്തിരുന്നു. ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളും ഇവ പ്രത്യേകമായി വാങ്ങുന്നതിനു പകരം ഉപകരണങ്ങൾ KSSM തന്നെ വാങ്ങുന്നതാണ് നല്ലതെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിരുന്നു. ഇതു സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു.

പല കമ്പനികളുമായും രക്ഷകർത്താക്കളുമായും ഇതു സംബന്ധിച്ച് ചർച്ച നടത്തിയെന്നും പ്രതിവർഷം 20,000/- രൂപ മുതൽ 1,00,000/- രൂപവരെ ചെലവ് വരുമെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ സ്പീച്ച് പ്രൊസസ്സർ കേടു വന്നാൽ4.00 ലക്ഷം രൂപ വരെ ചെലവു വരും. അതിനാൽ ഒരു തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും ഒരു കുട്ടിക്ക് നിർബന്ധമായും 50,000/- രൂപ നിരക്കിൽ കുട്ടികളുടെ ലിസ്റ്റ് സഹിതം KSSM-ലേയ്ക്ക് ട്രാൻസ്ഫർ ചെയ്യണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** തദ്ദേശഭരണ സ്ഥാപനത്തിലെ ഗുണഭോക്താക്കളുടെ എണ്ണം അനുസരിച്ച് ഒരു കുട്ടിക്ക് 50,000/- രൂപ നിരക്കിൽ കുട്ടികളുടെ ലിസ്റ്റ് സഹിതം കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യാൻ അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.47 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.01.2019-ലെ Plg1425/19-20/DPC/DPO/തിരു CC നമ്പർ കത്തും തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 10.01.2019-ലെ E8/6385/18/TDP നമ്പർ കത്ത്**

തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ വെറ്ററിനറി മെഡിക്കൽ സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള വെറ്ററിനറി മരുന്നുകൾ ഈ മെഡിക്കൽ സ്റ്റോറുകളിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം:-** അനുമതി നിരസിച്ചു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.48 പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.01.2019-ലെ കത്ത് ( SRG 36/19 CC 550/18**

***പ്രോ.നം.39/19*** ***അടങ്കൽ 6,55,000/- രൂപ***
***(CFC -6,52,080/- , തനത് ഫണ്ട് - 2,920/- രൂപ)***

***പേര്:- കക്കൂസ് മെയിന്റനൻസ്***

130 പേർക്ക് 5000/- രൂപ വീതം കക്കൂസ് അറ്റകുറ്റപ്പണിക്ക് നൽകാനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

**തീരുമാനം:-** ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇതിനായി ഉപയോഗിക്കാവുന്നതല്ല. അനുമതി നിരസിച്ചു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.49 കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്**

**കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24.05.2018 ലെ A2/3766/17-ാം നമ്പർകത്തും 11.05.18 ലെ 45(1)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 142/19)**

***1) പ്രോ.നം 43/19 അടങ്കൽ 2,00,000/- ലക്ഷം രൂപ (തനത്ഫണ്ട്)***

***പേര് – കടുങ്ങല്ലൂർ ഉളിയന്നൂർ എൽ.പി സ്കൂളിനു ഐ.റ്റി. ഹെൽപിംഗ് ഹാൻഡ്***

കുട്ടികൾക്ക് ഐ.റ്റി. പഠനം ഉറപ്പാക്കുന്നതിന് വിദഗ്ധന്റെ സേവനം നൽകുന്നതിനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പ്രത്യേക അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

***2) പ്രോ.നം 44/19 അടങ്കൽ 1,60,000/- ലക്ഷം രൂപ (തനത്ഫണ്ട്)***

***പേര് – കടുങ്ങല്ലൂർ ഉളിയന്നൂർ എൽ.പി സ്കൂളിനു എച്ച്.എം.ന് ഹെൽപിംഗ് ഹാൻഡ്***

സ്കൂൾ ഹെഡ് മാസ്റ്ററെ ജോലിയിൽ സഹായിക്കുന്നതിന് ഒരാളെ ഉപയോഗിക്കുന്നതിനും അയാൾക്ക് വേതനം നൽകുന്നതിനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പ്രത്യേക അനുമതി നൽകുന്നു. ഇത്തരം പ്രോജക്ടുകൾ ഇനിയും എടുക്കാവുന്നതല്ല എന്ന് നിർദ്ദേശിക്കുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

*3) പ്രോ.നം 45/19 അടങ്കൽ 4,00,000/- ലക്ഷം രൂപ (തനത്ഫണ്ട്)*

***പേര് – കടുങ്ങല്ലൂർ ഉളിയന്നൂർ എൽ.പി സ്കൂളിനു ട്രാൻസ്പോർട്ടേഷൻ***

സ്കൂളിലെ കുട്ടികൾക്ക് യാത്രാസൗകര്യം ഏർപ്പെടുത്തുന്നതിനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്

**തീരുമാനം :-** പ്രത്യേകാനുമതി നൽകുന്നു. അടുത്ത അദ്ധ്യായന വർഷംമുതൽ തദ്ദേശഭരണസ്ഥാപനം ഈ ആവശ്യത്തിനു തുക ചെലവഴിക്കാവുന്നതല്ല എന്നു നിർദ്ദേശിക്കുന്നു

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.50 ലൈഫ് മിഷൻ**

446 തദ്ദേശഭരണ സ്ഥാപനങ്ങളിൽ ലൈഫ് ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം വീട് നൽകുന്നതിന് ഫണ്ടിന്റെ കുറവുള്ളതിനാൽ ഈ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മേഖലാ വിഭജനം ഒഴിവാക്കി വിഹിതം കണ്ടെത്തുന്നതിന് അനുമതി പരിഗണിക്കണമെന്ന് ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ യോഗത്തിൽ ആവശ്യപ്പെട്ടു.

**തീരുമാനം:-** മഹാ പ്രളയത്തെ നേരിടുന്നതിന് മേഖലാ വിഭജനത്തിൽ മാറ്റം വരുത്തി ഉല്പാദന മേഖലയിലെ നിർബന്ധ വകയിരുത്തലിന്റെ കുറഞ്ഞ പരിധിയിൽ ഇളവു വരുത്തിയിരുന്നു. ഇനിയും ഇത് കുറവു ചെയ്യുന്നത് കാർഷിക മേഖലയിലടക്കം മുരടിപ്പ് ഉണ്ടാക്കും. സാമ്പത്തിക വർഷാവസാനം ഇത്തരം ഭേദഗതികൾ ഗുണപ്രദമല്ല എന്നു യോഗം വിലയിരുത്തി. ഈ സാഹചര്യത്തിൽ ഇതു പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

യോഗം വൈകിട്ട് 5.45-ന് അവസാനിച്ചു

*********

**അനുബന്ധം**

1 ബഹു. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി
2 അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
3 പ്രിൻസിപ്പൽ സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ് (പ്രതിനിധി)
4 പ്രിൻസിപ്പൽ സെക്രട്ടറി, പ്ലാനിംഗ് ആന്റ് എക്കണോമിക് അഫയേഴ്സ്
5 ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
6 ഡയറക്ടർ, നഗരകാര്യ വകുപ്പ് (പ്രതിനിധി)
7 ഗ്രാമവികസന കമ്മീഷണർ (പ്രതിനിധി)
8 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
9 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് (പ്രതിനിധി)
10 ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്
11 എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
12 ഡയറക്ടർ, എസ്.സി. ഡെവലപ്മെന്റ് (പ്രതിനിധി)
13 ഡയറക്ടർ, എസ്.റ്റി. ഡെവലപ്മെന്റ് (പ്രതിനിധി)
14 എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
15 മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
16 മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എ (പ്രതിനിധി)
17 ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
18 എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ
19 സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ
20 ഡയറക്ടർ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ